2023
സെപ്റ്റംബർ
വാല്യം 16 | ലക്കം 9
Annual Subscription ₹ 100.00

# വിജയപുര ദൂത്

VIJAYAPURAM DIOCESAN BULLETIN



## സെപ്റ്റംബർ 8:
## പരി. മാതാവിന്റെ ജനനത്തിരുനാൾ



അഭിവന്ദ്യ കൊർണേലിയൂസ് പിതാവിന്റെ വാർഷിക അനുസ്മരണ ശുശ്രൂഷ



മെത്രാഭിഷേക സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന പാലാ രൂപത മുൻ മെത്രാൻ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന് ബിഷപ്പ് സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ ഉപഹാരം സമർപ്പിക്കുന്നു.



കോട്ടയം ഹോളിഫാമിലി ഹൈസ്കൂളിൽ ബിഷപ്പ് പീറ്റർ തുരുത്തിക്കോണം മെമ്മോറിയൽ ഓഡിറ്റോറിയം അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്യുന്നു

# വിജയപുരദൂത്

VIJAYAPURAM DIOCESAN BULLETIN

**2023 SEPTEMBER** Registered Newspaper, Reg.No. KERMAL/2008/24745 **Vol.16 • No.9**



Editorial Board

*Editor*
**Rev.Fr. Job Kuzhivayalil**
(Editor as defined by the Press & Registration of Books Act 1867)

*Chief Editor*
**Msgr. Jose Navez** M.A. Ph.D.
Mob: 9446119427

*Associate Editor*
**Fr. Mathew Ozhathil**

*Managing Editor*
**Fr. Hilari Thekkekuttu**
Vijayapuram Bishop's House
P.B. No. 82, Kottayam 686001
Ph: 0481-2563747

*Editorial Board*
**Fr. Tom Jose** B.A., B.Th.
**Adv. Henry John**
**Mr. Thomas Williams**
**Sr. Jeanine CSST**

*Circulation Manager*
**Fr. Joseph Meenaikodath**
Mob: 9496564652
9446864649




## താളുകൾ മറിക്കുമ്പോൾ...


4. എഡിറ്റോറിയൽ

6. രൂപതാ കാര്യാലയത്തിൽ നിന്ന്

7. 109-ാമത് പ്രവാസി ദിനം:
ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

10. യഹോവാ പ്രഖ്യാപിച്ച
സ്ത്രീയുടെ ജനനം

12. കേരളസഭാ നവീകരണം
കെ.സി.ബി.സി. സർക്കുലർ

17. ക്രൈസ്തവ വിദ്യാഭ്യാസവും
പ്രേഷിത ദൗത്യവും

21. കെ.ആർ.എൽ.സി.സി. 41-ാം
ജനറൽ അസംബ്ലി പ്രസ്താവന

24 ഇടവക വാർത്തകൾ

32. വി.എസ്.എസ്.എസ്. വാർത്തകൾ



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001
Printed for Archana Offset Printers, Ktm-2, Kerala at Good Shepherd Press, Kottayam, Kerala-686001
Published at Vijayapuram Bishop's House, Kottayam-686001, Kerala, India.



vijayapuradhuthu@gmail.com

Editorial

# സെപ്റ്റംബർ: സഹനത്തിലൂടെ മഹത്വത്തിലേക്ക്



നമ്മുടെ സ്വർഗ്ഗീയ അമ്മയുടെ ജന്മദിനമാണ് സെപ്റ്റംബർ എട്ടാം തീയതി. കഴിഞ്ഞ വർഷം ഡിസംബർ 8ന് മറിയത്തിന്റെ അമലോത്ഭവ തിരുനാൾ (മറിയം ഗർഭം ധരിക്കപ്പെട്ടതിന്റെ തിരുനാൾ) ആഘോഷിച്ചിട്ട് ഒൻപത് മാസം പൂർത്തിയാകുമ്പോൾ അമ്മയുടെ ജന്മദിനം നാമിന്ന് കൊണ്ടാടുന്നു. ജനിച്ച യാളെയോർത്ത്, ദൈവദാനമായി കണ്ട്, ദൈവത്തിന് പ്രത്യേകം നന്ദിയർപ്പി ക്കാനും അയാളോടൊപ്പം ദൈവത്തെ മഹത്വപ്പെടുത്താനും അവരിലെ നന്മ കളും മൂല്യങ്ങളും ദർശിച്ച് പ്രചോദനം ഉൾക്കൊള്ളാനുമാണ് ജന്മദിനം കൊണ്ടാ ടുന്നത്. മറിയത്തിന്റെ ജന്മദിനം ആഘോഷിക്കുന്നതിലൂടെ അവളെ നമുക്ക് അമ്മയായി തന്നതോർത്ത് ദൈവത്തിനു നന്ദി പറയാം. അവളെ അനുകരിച്ച് അവളുടെ പ്രിയപ്പെട്ട മക്കളായി ജീവിക്കാൻ നമുക്ക് ശ്രദ്ധവക്കാം.

**വ്യാകുലാംബികയുടെ തിരുനാൾ**

സെപ്റ്റംബർ 8-ാം തീയതി മറിയത്തിന്റെ ജന്മദിനം കൊണ്ടാടുന്ന നാം ഒരാഴ്ചയാകുമ്പോൾ (സെപ്തംബർ 15-ാം തീയതി) അവളുടെ സഹനത്തിന്റെ (വ്യാകുലമാതാവിന്റെ) തിരുനാൾ കൊണ്ടാടും. യേശുവിനെ പ്രതിയായിരുന്നു അവളുടെ വ്യാകുലതകൾ.

1815-ൽ ഏഴാം പീയൂസ് പാപ്പാ അംഗീകരിച്ചതനുസരിച്ച് പ്രധാനമായും ഏഴ് (പൂർത്തീകരണത്തിന്റെ നമ്പരാണല്ലോ ഏഴ്) വ്യാകുലതകളാണ് മറിയം സഹിച്ചത്. (1) മറിയത്തിന്റെ ഹൃദയത്തിലൂടെ ഒരു വാൾ കടക്കും എന്ന ശിമയോന്റെ പ്രവചനം. (20 സുരക്ഷയ്ക്കുവേണ്ടി ശിശുവിനെയുംകൊണ്ട് ഈജിപ്തിലേക്ക് പാലായനം ചെയ്തത്. (3) ബാലനായ യേശുവിനെ ദൈവാ ലയത്തിൽ നഷ്ടപ്പെട്ടത്, (4) അന്യായമായി വിധിക്കപ്പെട്ട യേശു കുരിശുവ ഹിച്ചുകൊണ്ട് പോകുമ്പോൾ കണ്ടുമുട്ടിയത്. (5) സ്വന്തം മകനായ യേശു കുരിശിൽ കിടന്നു മരിച്ചപ്പോൾ, (6) യേശുവിന്റെ മൃതദേഹം സ്വന്തം മടി യിൽ കിടത്തിയപ്പോൾ, (7) യേശുവിന്റെ ദേഹം കല്ലറയിൽ സംസ്കരിച്ച പ്പോൾ. യേശുവിനെ പ്രതി- അവിടുന്നു ഗർഭം ധരിച്ചപ്പോൾ മുതൽ മരണം വരെയും സഹിക്കുക മാത്രമല്ല യേശുവിനോടൊത്തു സഹിക്കുകയുമായി രുന്നവൾ. അത്രമാത്രം ആഴപ്പെട്ട ബന്ധമാണ് അവർ തമ്മിൽ ഉണ്ടായിരുന്ന ത്. അതിനാലാണ് യേശുവിന്റെ സഹനത്തിന്റെ- വിശുദ്ധ കുരിശിന്റെ- ആഘോഷം കഴിഞ്ഞ് പിറ്റേദിവസം തന്നെ മറിയത്തിന്റെ സഹനവും നാം

ആഘോഷിക്കുന്നത്. യേശുവിനോടൊപ്പം അവൾ വ്യാകുലം അനുഭവിച്ചു. നമുക്കുവേണ്ടിയും നമ്മെ പ്രതിയുമാരുന്ന അവുളുടെ വ്യാകുലം. അങ്ങനെ യേശുവിനോടു ചേർന്ന് അവൾ നമ്മുടെ സഹരക്ഷകയായി.

**മഹത്വം സഹനത്തിലൂടെ**

വെറും സഹനം നമക്കു നല്ലതല്ല. നാം വെറുതെ സഹിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നുമില്ല. സഹനത്തിന് നിയോഗം വരുമ്പോഴാണ് അത് അർത്ഥ പൂർണ്ണമാകുന്നത്, നമ്മെ മഹത്വത്തിലേക്ക് നയിക്കുന്നത്. സഹനത്തിന് മൂന്നു നിയോഗങ്ങൾ വയ്ക്കാനാകും ദൈവികം, സ്നേഹപരം, വ്യക്തിപരം.

**ദൈവികം:** സഹനം, നമ്മെ നമ്മുടെ ശ്രദ്ധയെ ദൈവത്തിലേക്ക്, ദൈവി കതയിലേക്ക് ഉയർത്തും. അത് ദൈവപദ്ധതിയനുസരിച്ച്, ദൈവേഷ്ടമനുസ രിച്ച് നമ്മെ രൂപപ്പെടുത്തുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യും. സഹന ത്തിലൂടെയാണ് നാം ദൈവത്തിനു ബലിയർപ്പിക്കുക. ബലിയായി മാറുക.

**2. സ്നേഹപരം :** സഹനം നമ്മെ സ്നേഹം നിറഞ്ഞവരും സ്നേഹം പകരുന്നവരുമാകും. സ്നേഹിതർക്കുവേണ്ടി ജീവനർപ്പിക്കുന്നതിനേക്കാൾ കവിഞ്ഞ സ്നേഹമില്ലല്ലോ. (യോഹ. 15:13). ആ അർപ്പണത്തിൽ ത്യാഗമു ണ്ട്. സഹനമുണ്ട്. ഞാൻ നിങ്ങളെ സ്നേഹിക്കുന്നു എന്നാൽ നിങ്ങൾക്കു വേണ്ടി സഹിക്കാൻ ഞാൻ തയ്യാറല്ല എന്നു പറഞ്ഞാൽ അവർ വ്യാജം പറ യുന്നു. എത്രയേറെ സ്നേഹിക്കുന്നോ അത്രയേറെ സഹിക്കാൻ നാം തയ്യാ റാകും.

**3. വ്യക്തിപരം:** സഹനത്തിലൂടെയാണ് നാം വളരുക, പക്വത പ്രാപി ക്കുക, വിജയിക്കുക. സഹിക്കാൻ തയ്യാറാകാത്തിടത്തോളംകാലം നാം വള രുന്നില്ല. വിജയിക്കുന്നില്ല. പക്വതപ്രാപിക്കുന്നുമില്ല. യേശുവിനോടും മറിയ ത്തോടുമൊപ്പം നമുക്ക് സഹനത്തെ മഹത്വത്തിന്റെ വഴിയാക്കി മാറ്റാം. നമ്മുടെ സ്വർഗീയ അമ്മയുടെ ജന്മദിനത്തിൽ നമുക്ക് ആനന്ദിച്ചുവസിക്കാം. തിരുനാളിന്റെ മംഗളങ്ങളും അനുഗ്രഹങ്ങളും ഏവർക്കും ഹൃദയപൂർവ്വം ആശംസിക്കുന്നു.

*പത്രാധിപർ*

---

**വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ - സെപ്റ്റംബർ 14 :**

അപമാന ചിഹ്നമായ കുരിശിൽ കിടന്നു മരിച്ച് നമുക്കു രക്ഷ നേടിത്തന്നവനാണ് ക്രിസ്തുനാഥൻ. കുരിശ് മഹത്വത്തിന്റെ ചിഹ്നം ആണ്. "എന്നെ അനു ഗമിക്കുവാൻ ആഗ്രഹിക്കുന്നവൻ സ്വന്തം കുരിശുമെ ടുത്ത് എന്നെ അനുഗമിക്കുക." (മർ. 8:34) ജീവിത ത്തിലെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും പ്രതിസ ന്ധികളും നാം വിശ്വാസത്തിന്റെ അരൂപിയിൽ സഹി ക്കണമെന്നാണ് വിവക്ഷ. കുരിശല്ലാതെ സ്വർഗ്ഗത്തി ലെത്തിച്ചേരാനുള്ള മറ്റൊരു ഗോവണിയില്ല തന്നെ.



# രൂപതാ കാര്യാലയത്തിൽ നിന്ന്

## APPOINTMENTS

Rev. Fr. Abraham Koliyath is appointed Director of Bible Apostolate of the Diocese.

## MISSION SUNDAY

**A.GROUP : ABOVE 500 FAMILIES**

| No. | Parish | Amount |
|---|---|---|
| 1. | Assumption Church, Vandiperiyar | 7,11,000 |
| 2. | Sacred Heart Church, Pambanar | 4,00,000 |
| 3 . | St. Mary's Church, Mundakayam | 3,25,252 |

**B.GROUP : 350-500 FAMILIES**

| No. | Parish | Amount |
|---|---|---|
| 1 | Our Lady of Lourdes Church, Kumily | 3,85,385 |
| 2 | Good Shepherd Church, Kottayam | 2,43,900 |
| 3 | St. Teresa's Church, Pakkil | 1,50,000 |

**C. GROUP: 200-350 FAMILIES**

| No. | Parish | Amount |
|---|---|---|
| 1 | St. George Church, Perumbavoor | 3,11,210 |
| 2. | Mary Mount Church, Changanassery | 2,52,222 |
| 3. | Ave Maria Church, Devikulam | 2,00,000 |

**D.GROUP: 100-200 FAMILIES**

| No. | Parish | Amount |
|---|---|---|
| 1. | Marygiri Church, Kallar | 1,52,023 |
| 2 | St. Mary's Church, Kurumullor | 1,30,000 |
| 3 | St. Joseph's Church, Kuttikkanam | 1,14,500 |

**D.GROUP: BELOW 100 FAMILIES**

| No. | Parish | Amount |
|---|---|---|
| 1 | Velankannimatha Church, Biyelreve | 1,25,000 |
| 2 | Holy Cross Church, Vaisyambhagam | 71,800 |
| 3 | St. Antony's Church, Thalayar | 70,007 |

**CONVENT**

| No. | Convent | Amount |
|---|---|---|
| 1 | St. Joseph's Convent, Kottayam | 32,000 |
| 2 | N.S.I. Kanjikuzhy | 5,500 |
| 3 | Nirmala Convent, Nedungapra | 4,800 |

**CONVENT WITH INSTITUTION**

| No. | Convent | Amount |
|---|---|---|
| 1. | Amalambika E. School, Kumily | 1,25,000 |

# 109-ാമത് ലോക കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും ദിനത്തിനായുള്ള പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

## സെപ്റ്റംബർ 24, 2023

### 'കുടിയേറണമോ വേണ്ടയോ എന്നത് സ്വതന്ത്ര തിരഞ്ഞെടുപ്പ്'

---

പ്രിയ സഹോദരീ സഹോദരന്മാരേ,

നമ്മുടെ കാലഘട്ടത്തിൽ അഭയാർത്ഥി കുടിയേറ്റ പ്രവാഹങ്ങൾ അതിസങ്കീർണമായ ഒരു പ്രതിഭാസത്തിന്റെ ഫലമാണ്. അഭയാർത്ഥികളെയും കുടിയേറ്റങ്ങളെയും ക്രമമായും വ്യക്തമായും മനസ്സിലാക്കാൻ ഇത്തരം ജനവിഭാഗങ്ങളുടെ പുറപ്പെടൽ, എത്തിച്ചേരൽ, തിരിച്ചുവരവിനുള്ള സാധ്യതകൾ എന്നീ ഘട്ടങ്ങളെ സൂക്ഷ്മമായി വിശകലനം ചെയ്യേണ്ടത് ആവശ്യമാണ്. 109-ാമത് ലോക കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും ദിന സന്ദേശമായി ഒരുവനു തന്റെ മാതൃരാജ്യം വിട്ടുപോകാനുള്ള തീരുമാനത്തിൽ ഉറപ്പായും ഉണ്ടായിരിക്കേണ്ട സ്വാതന്ത്ര്യത്തെക്കുറിച്ചാണ് ഞാൻ സംസാരിക്കാൻ പോകുന്നത്.

സമകാലിക കുടിയേറ്റ പ്രശ്നങ്ങൾ ഉയർത്തുന്ന വെല്ലുവിളികളോടുള്ള പ്രതികരണമെന്ന നിലയിൽ ഇറ്റാലിയൻ എപ്പിസ്കോപ്പൽ കോൺഫറൻസ് മുന്നോട്ട് വച്ച ആശയമാണ് 'നാടുവിടാനും സ്വാതന്ത്ര്യം, വന്ന് പാർക്കാനും സ്വാതന്ത്ര്യം' (Free to leave Free to stay) എന്നത്. ഈ വിഷയത്തെപ്പറ്റി വിവിധ സഭകളോട് സംസാരിച്ചതിൽ നിന്ന് ഇത്തരത്തിലുള്ള സ്വാതന്ത്ര്യം ഉറപ്പാക്കുക എന്നത് നാടിന്റെ പൊതു ആശങ്കയായി നിലനില്ക്കുന്നു എന്ന് ഞാൻ മനസ്സിലാക്കുന്നു. മത്തായിയുടെ സുവിശേഷം 2:13-ൽ നാം ഇപ്രകാരം വായിക്കുന്നു. 'കർത്താവിന്റെ ദൂതൻ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട് ജോസഫിനോട് പറഞ്ഞു. എഴുന്നേറ്റ് ശിശുവിനെയും അമ്മയെയും കൂട്ടി ഈജിപ്തിലേക്ക് പാലായനം ചെയ്യുക'. ഈജിപ്തിലേക്കുള്ള തിരുക്കുടുംബത്തിന്റെ പാലായനവും പഴയനിയമ ചരിത്രത്തിലെ ഇസ്രായേൽ ജനതയുടെ പാലായനവും മനുഷ്യസമൂഹങ്ങളുടെ മറ്റ് പാലായനങ്ങളും ഒരിക്കലും ഒരു സ്വതന്ത്രതീരുമാനത്തിന്റെയോ മെച്ചപ്പെട്ട ജീവിതസാഹചര്യം തേടിയോ ആയിരുന്നില്ല. ഇന്നും സ്ഥിതിഗതികൾ വ്യത്യസ്ഥമല്ല. പ്രകൃതിദുരന്തങ്ങളും സ്വന്തം നാട്ടിലെ കലുഷിതമായ ആഭ്യന്തരസാഹചര്യങ്ങളും ദശലക്ഷക്കണക്കിനു മനുഷ്യരെ സ്വന്തം നാട് ഉപേക്ഷിച്ച് മറ്റ് എവിടെയെങ്കിലും കുടിയേറാൻ നിർബന്ധിതരാക്കുന്നു.

2003 ലെ 90-ാമത് ലോക കുടിയേറ്റക്കാരുടെയും അഭയാർത്ഥികളുടെയും ദിന സന്ദേശത്തിൽ വി. ജോൺ പോൾ മാർപ്പാപ്പ പറയുകയുണ്ടായി. "കുടിയേറ്റക്കാരെയും അഭയാർത്ഥികളെയും സംബന്ധിച്ചിടത്തോളം സമാധാനത്തിന്റെ അന്തരീക്ഷം കെട്ടിപ്പടുക്കുക എന്നതിനർത്ഥം കുടിയേറ്റം ചെയ്യാതിരിക്കാനുള്ള സാധ്യതകൾ അവ

സാനിപ്പിക്കുക എന്നതാണ്. അതായത് സമാധാനത്തോടും അന്തസ്സോടും കൂടെ സ്വന്തം നാട്ടിൽ ജീവിക്കാനുള്ള അവകാശവും സാഹചര്യവും ഒരുക്കുക എന്നതാണ് പ്രധാനം (Message for the 90th World day of Migrants and Refugees, 3)

ഉൽപത്തി പുസ്തകം 46:7ൽ നാം വായിക്കുന്നു: 'യാക്കോബും സന്തതികളും ഈജിപ്തി ലെത്തി പുത്രൻമാരെയും, അവരുടെ പുത്രൻമാരെയും, പുത്രിമാരെയും, പുത്രൻമാരുടെ പുത്രിമാരെയും, തന്റെ സന്തതികൾ എല്ലാവരെയും അവൻ ഈജിപ്തിലേക്കു കൊണ്ടുപോയി. കഠി നമായ ക്ഷാമമാണ് ഈജിപ്തിൽ അഭയം തേടാൻ അവരെ നിർബന്ധിതരാക്കിയത്. അതിലൂടെ ജോസഫ് തന്റെ പിതാവിന്റെയും സഹോദരങ്ങളുടെയും അതിജീവനം ഉറപ്പാക്കി.

ആഭ്യന്തരകലഹങ്ങൾ, യുദ്ധങ്ങൾ, കാലാവസ്ഥമാറ്റങ്ങൾ, പ്രകൃതിദുരന്തങ്ങൾ, ക്ഷാമം തുടങ്ങിയവ കുടിയേറ്റത്തിന്റെ പ്രത്യക്ഷകാരണങ്ങളാണ്. അതിനെ തുടർന്നുണ്ടാകുന്ന ഭയവും നിരാശയും മനുഷ്യരെ കുടിയേറ്റത്തിനു നിർബന്ധിതരാക്കുന്നു. ഇവ ഇല്ലാതാക്കി നിർബന്ധിത കുടിയേറ്റങ്ങളെ അവസാനിപ്പിക്കുക എന്നത് നമ്മുടെ കൂട്ടുത്തരവാദിത്വവും പ്രതിബദ്ധതയുമാണ്. എന്ത് ചെയ്യാൻ കഴിയും എന്നത് മാത്രമല്ല നാം എന്ത് ചെയ്യാതിരിക്കണം എന്നത് കൂടി നമ്മുടെ മുന്നിലെ ചോദ്യമാണ്. ആയുധപന്തയങ്ങളും സമ്പത്തിന്റെ ഏകീകരണവും വിഭവശേഷികളുടെ ചൂഷണവും ഭൂമിയെന്ന നമ്മുടെ പൊതുവാസസ്ഥലത്തിനു ഏല്പിക്കുന്ന ആഘാതങ്ങളും അവസാനിപ്പിക്കാൻ നാം കഠിനാദ്ധ്വാനം ചെയ്യേണ്ടതുണ്ട്.

ആദിമ ക്രൈസ്തവ കൂട്ടായ്മയുടെ ആദർശങ്ങൾ സമകാലിക യാഥാർത്ഥ്യങ്ങളിൽ നിന്ന് കാതങ്ങൾ അകലെയാണ്. കാരണം കുടിയേറ്റം ഒരു സ്വതന്ത്ര തിരഞ്ഞെടുപ്പായി മാറുന്നത് നാം എടുക്കുന്ന ചില തീരുമാനങ്ങളിലൂടെയാണ്. അതായത് പൊതുവിഭവങ്ങളുടെ പങ്കുവയ്പി ലുള്ള തുല്യപങ്കാളിത്തം, മൗലിക അവകാശങ്ങളോടുള്ള പാരസ്പര്യം, മാനവവികസനത്തി ലുള്ള സമഗ്രതയും തുല്യതയും. ഇവയിലൂടെ മാത്രമേ അന്തസ്സാർന്നതും സംതൃപ്തവുമായ ഒരു ജീവിതം വ്യക്തികൾക്കും കുടുംബങ്ങൾക്കും നല്കാൻ സാധിക്കുകയുള്ളൂ. ഇത്തരം ജീവിതസാഹചര്യം ഒരുക്കിക്കൊടുക്കുക എന്നത് രാഷ്ട്രത്തിന്റെയും രാഷ്ട്രനേതാക്കളുടെയും കടമയാണ്. രാഷ്ട്രനേതാക്കൾ സത്യസന്ധതയോടും ദീർഘവീക്ഷണത്തോടും സേവനതൽപരതയോടുംകൂടെ ദുർബലരുടെ ശാക്തീകരണം ലക്ഷ്യം വച്ചുള്ള രാഷ്ട്രീയനയങ്ങൾ നടപ്പിലാക്കാൻ വിളിക്കപ്പെട്ടവരാണ്. ഒപ്പം പ്രകൃതിവിഭവങ്ങളുടെയും മനുഷ്യശക്തികളുടെയും മേലുള്ള കടന്നുകയറ്റങ്ങളെയും പ്രതിരോധിക്കാനുള്ള നയങ്ങളും രൂപപ്പെടുത്തണം. കുടിയേറാ നുള്ള സാഹചര്യങ്ങൾ ഉണ്ടായാൽ അതിനെ സൂക്ഷ്മമായി പഠിക്കുകയും അവർക്കാവശ്യമായ സുരക്ഷയും സഹായങ്ങളും ഉറപ്പുവരുത്തണം. അല്ലാത്തപക്ഷം സ്ത്രീകളും കുട്ടികളുമൊക്കെ അപകടകരമായ സാഹചര്യങ്ങളിലേക്കും മനുഷ്യക്കടത്ത് പോലുള്ള കെണികളിലും പെട്ടുപോകും.

ലേവ്യരുടെ പുസ്തകം 25,13-ൽ വായിക്കുന്നു: 'ജൂബിലിയുടെ ഈ വർഷത്തിൽ ഓരോരു ത്തരും തങ്ങളുടെ അവകാശസ്ഥലത്തേക്ക് തിരികെപ്പോകണം'. ഇസ്രായേൽ ജനതയെ സംബ ന്ധിച്ച് ജൂബിലി വർഷം കൂട്ടായ നീതിയെ (Common Justice) പ്രതിനിധാനം ചെയ്യുന്നു. ജൂബിലി വർഷത്തിൽ ഭൂമിയെ (പ്രകൃതി) ചേർത്ത്

പിടിച്ചും കടങ്ങൾ ഇളവ് ചെയ്തുമാണ് ദൈവത്തിന്റെ സ്വന്തം ജനത എന്ന പദവി അവർ ആസ്വദിച്ചത്. (Catechesis 10 February 2016). 2025 എന്ന വിശുദ്ധവർഷ ആഘോഷങ്ങളിലേക്ക് കടക്കുമ്പോൾ ഇസ്രായേൽ ജനതയ്ക്കുണ്ടായിരുന്ന ജൂബിലി വർഷാഘോഷങ്ങളുടെ നിയമങ്ങൾ നമ്മൾ ഓർക്കുന്നത് ഉചിതമാ ണ്. കുടിയേറാൻ നിർബന്ധിതരാകാനുള്ള അവകാശം പോലെ തന്നെ സ്വന്തം രാജ്യത്തിലെ ഓരോരുത്തരോടും സമാധാനത്തോടും അന്തസ്സോടെയും പെരുമാറാനുള്ള ഉത്തരാവാദിത്വം നമുക്കുണ്ട്. നമ്മുടെ ഭാവി കെട്ടിപ്പടുക്കാൻ നമ്മൾ തീരുമാനിക്കുന്നത് എവിടെയായാലും അത് ജനിച്ച നാട്ടിലോ മറ്റേതെങ്കിലും നാട്ടിലോ ആയിക്കൊള്ളട്ടെ അവിടെ നമ്മെ സ്വീകരിക്കാനും സംരക്ഷിക്കാനും പ്രോത്സാഹിപ്പിക്കാനും മാറ്റി നിർത്താതെ ചേർത്ത് പിടിക്കാനും ഒരു സമൂഹം തയ്യാറാണ് എന്ന മനോഭാവവും സമീപനവും കുടിയേറ്റത്തിന്റെ ചതിക്കുഴികളിൽ നിന്ന് അവരെ സുരക്ഷിതരായിരിക്കാൻ സഹായിക്കും. അതിനാൽ നാം നിർമ്മിക്കേണ്ടത് മതിലുകളല്ല പാലങ്ങളാണ് എന്ന ചിന്ത നമ്മുടെ മനസ്സിൽ എപ്പോഴും ഉണ്ടായിരിക്കണം. സഭയെന്ന നിലയിൽ നാം സ്വീകരിച്ചിരിക്കുന്ന സിനഡൽ പാത ഏറ്റം ദുർബലരെ പ്രത്യേകിച്ച് അഭയാർത്ഥികളെയും കുടിയേറ്റ വിഭാഗങ്ങളെയും നമ്മുടെ സഹോദരങ്ങളായി പരിഗണിച്ച് സ്നേഹിക്കാനും സംരക്ഷണമൊരുക്കാനും നാം ശ്രമിക്കണം. കാരണം അധികദൂരം പോകാനും ലക്ഷ്യത്തിൽ എത്തിച്ചേരാനും ഒറ്റവഴിയേ ഉള്ളൂ. 'ഒരുമിച്ച് മുന്നേറുക' എന്ന വഴി.

**റോം. വി. ജോൺ ലാറ്ററൻ ബസിലിക്ക**

11 മെയ് 2023
ഫ്രാൻസിസ് പാപ്പ

# പ്രാർത്ഥന


സർവശക്തനായ ദൈവപിതാവേ,

നീതിക്കും ഐക്യദാർഢ്യത്തിനും സമാധാനത്തിനുംവേണ്ടി അക്ഷീണം പ്രവർത്തിക്കാനുള്ള കൃപ ഞങ്ങൾക്കു നല്കണമേ. അങ്ങനെ അങ്ങയുടെ മക്കളായ ഞങ്ങൾക്ക് കുടിയേറണമോ വേണ്ടയോ എന്ന് സ്വാതന്ത്ര്യത്തോടെ തിരഞ്ഞെടുക്കാൻ കഴിയട്ടെ. ലോകത്തിലെ സമാധാനം ഇല്ലാതാക്കി അങ്ങയുടെ മക്കളായ ഞങ്ങളുടെ ജീവിതങ്ങളെ നശിപ്പിക്കുന്ന ഭീകരതയെ അപലപിച്ച് അനീതിക്കെതിരെ പോരാടാനുള്ള ധൈര്യം ഞങ്ങൾക്കു നല്കണമേ. അങ്ങയുടെ ആത്മാവിന്റെ ശക്തിയാൽ ഞങ്ങളെ താങ്ങി നിർത്തണമേ. അങ്ങനെ എല്ലാ കുടിയേറ്റക്കാരിലും അങ്ങയുടെ ആർദ്രസ്നേഹത്തെ പ്രതിഫലിപ്പിക്കാൻ ഞങ്ങൾക്കാകട്ടെ. അങ്ങനെ സ്നേഹത്തിന്റെയും പരിചരണത്തിന്റെയും സംസ്കാരം എല്ലാ ഹൃദയങ്ങളിലും പ്രചരിപ്പിക്കാനും ഞങ്ങൾക്കാകട്ടെ.

അവിടുത്തെ പുത്രനായ ഈശോമിശിഹായുടെ യോഗ്യതകളോട് ചേർത്ത് ഈ പ്രാർത്ഥന അങ്ങേയ്ക്ക് സമർപ്പിക്കുന്നു.

*ആമേൻ.*

# യഹോവാ പ്രഖ്യാപിച്ച സ്ത്രീയുടെ ജനനം



**കെ.പി.ജോൺ**

**ഓ**രോ മനുഷ്യജന്മവും ലോകത്തിനു പുതിയ പ്രതീക്ഷയുടെ അടയാളമാണ്. ഇവൻ അഥവാ ഇവൾ ആരായിത്തീരും, എന്തായിത്തീരും എന്നു നമുക്കു ഉറപ്പിക്കാൻ സാധിക്കില്ല. ചില അടയാളങ്ങളുടെ, പ്രവർത്തനത്തിന്റെ വെളിച്ചത്തിൽ ഇവൻ അഥവാ ഇവൾ ആരായിത്തീരും എന്നു നാം അത്ഭുതം കൂറാറുണ്ട്. പല വിശുദ്ധരെയുംപോലെ പുതിയ കുട്ടിക്ക് ലോകത്തിന് ദൈവത്തിന്റെ സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ചാനലാകാനുള്ള കഴിവുണ്ടാകാം. അങ്ങനെ പലതും എന്നാൽ ചില വ്യക്തികളെക്കുറിച്ചുള്ള കാര്യങ്ങൾ ദൈവം തന്നെ മുൻകൂട്ടി പ്രഖ്യാപിച്ചിട്ടുള്ളതു കാണാം.

നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവളുടെ സന്തതിയും തമ്മിലും ഞാൻ ശത്രുത ഉളവാക്കും (ഉൽപത്തി 3:15) ഇവിടെ, ജനിക്കാനിരിക്കുന്ന ഒരു സ്ത്രീയും അവളുടെ സന്തതിയും സാത്താന്റെ ശത്രു ആയിരിക്കും എന്ന് ദൈവമായ കർത്താവു പ്രഖ്യാപിക്കുന്നു.

എന്റെ ഛായയിലാണ് ഞാൻ മനുഷ്യനെ സൃഷ്ടിച്ചത്. സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറയുവിൻ.(ഉൽപത്തി 7:6 b,7) പ്രളയാനന്തരമുള്ള നോഹ എന്തായിരിക്കണം എന്നു കർത്താവു പറഞ്ഞുവച്ചു.

ഞാൻ നിന്നെ വലിയൊരു ജനതയാക്കും. നിന്നെ ഞാൻ അനുഗ്രഹിക്കും. നീ ഒരനുഗ്രഹമായിരിക്കും നിന്നിലൂടെ ഭൂമുഖത്തെ വംശങ്ങളെല്ലാം അനുഗ്രഹീതമാകും(ഉൽപത്തി 12:2,3). പിതൃഭവനത്തെയും ജന്മദേശത്തെയും വിട്ടു പോന്നുകഴിയുമ്പോഴുള്ള അബ്രഹാത്തിന്റെ ജീവിതത്തെക്കുറിച്ചു യഹോവാ പറഞ്ഞുറപ്പിച്ചു.

നിങ്ങൾക്കു ഭൂമിയിൽ സന്തതികളെ നിലനിർത്താനും വിസ്മയകരമായ രീതിയിൽ രക്ഷ നൽകാനുംവേണ്ടി ദൈവമാണ് എന്നെ ഇങ്ങോട്ടയച്ചത് (ഉൽപത്തി 45:7) . സഹോദരങ്ങൾ ജോസഫിനെ ഈജിപ്റ്റുകാർക്കു വിറ്റതുവഴി തന്റെ അനന്തര ജീവിതത്തെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി ജോസഫ് വെളിപ്പെടുത്തി.

ഇത്തരത്തിൽ തങ്ങൾ എന്തായിത്തീരും എന്നു ദൈവം തീരുമാനിച്ചു പ്രഖ്യാപിച്ച അനേകം വ്യക്തികളെക്കുറിച്ച് വിശുദ്ധ ഗ്രന്ഥത്തിൽ നമുക്കു കാണാൻ സാധിക്കും.

പരിശുദ്ധ കന്യകാമറിയത്തെക്കുറിച്ചു ദൈവത്തിന്റെ തീരുമാനം സാത്താന്റെ ശത്രുവായി പ്രഖ്യാപിക്കപ്പെട്ട അന്നു മുതൽ സാത്താൻ ഏറെ ഭയപ്പെട്ടിരുന്ന ഇന്നും ഭയപ്പെടുന്ന സ്ത്രീയായിത്തീരുക എന്നതായിരുന്നു. അതിനാൽതന്നെ മനുഷ്യ രക്ഷയിൽ യേശുവിനോടൊപ്പം സഹരക്ഷകയായിത്തീരുക.സെപ്റ്റംബർ 8 പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാൾ.. ജന്മദിനാഘോഷങ്ങൾ ആഘോഷിക്കുന്നവർക്കും കുടുംബാംഗങ്ങൾക്കും സന്തോഷം നൽകുന്നു. മക്കൾ ഇല്ലാതിരുന്ന ജോവാക്കിമിനും അന്നായ്ക്കും പ്രാർത്ഥനയുടെ ഫലമായി ജനിച്ച കുഞ്ഞിന്റെ ജന്മദിനം

നൽകിയിട്ടുള്ള ആഹ്ലാദം എത്രമാത്രമായിരുന്നു എന്നു നമുക്ക് ഊഹിക്കാവുന്ന തേയുള്ളു. യേശുവിന്റെ ജനനം ലോകത്തിനുമുഴുവൻ ആഹ്ലാദം നൽകുന്ന സദ്വാർത്തയായിരുന്നെങ്കിൽ മറിയത്തിന്റെ ജനനം ലോകത്തിന് സാദ്ധ്യമായ ഏറ്റവും വലിയ സന്തോഷം നൽകുന്നു. ഓരോ തവണയും അവളുടെ ജനനം ആഘോഷിക്കുമ്പോൾ നമ്മുടെ ഹൃദയത്തിലും ലോകത്തിലും സമാധാനം വർദ്ധിക്കുമെന്ന് നമുക്ക് ആത്മവിശ്വാസത്തോടെ പ്രതീക്ഷിക്കാം.

മറിയത്തിന്റെ ജനനത്തെക്കുറിച്ച് തിരുവെഴുത്തുകൾ പ്രത്യേകിച്ച് ഒന്നും പറയുന്നില്ല. എന്നിരുന്നാലും ജെയിംസിന്റെ അപ്പോക്രീഫൽ പ്രോട്ടോ എവഞ്ചേലിയം എന്ന ഗ്രന്ഥം മറിയത്തിന്റെ ജനനത്തെക്കുറിച്ചു പ്രതിപാദിക്കുന്നുണ്ട്. ഈ കൃതിക്ക് ചരിത്രപരമായ മൂല്യമില്ലായെങ്കിലും ഇത് ക്രിസ്തീയ ഭക്തിയുടെ വികാസത്തെ പ്രതിഫലിപ്പിക്കുന്നു. ഇതിലെ വിവരണമനുസരിച്ച് അന്നയും ജോവാക്കിമും വന്ധ്യത ഉള്ളവരാണെങ്കിലും അവരുടെ ഉള്ളുരുകിയുള്ള പ്രാർത്ഥനയുടെ ഫലമായി ഒരു ഒരു കുഞ്ഞു ജനിക്കുന്നു. ലോകത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ രക്ഷാകര പദ്ധതിയെ മുന്നോട്ടുകൊണ്ടുപോകുന്ന ഒരു കുട്ടിയുടെ വാഗ്ദാനമാണ് അവർക്കു ലഭിക്കുന്നത് എന്ന സത്യം മനസ്സിലാകുമ്പോഴാണ് ഈ ദമ്പതികളുടെ സന്തോഷം ശതഗുണീഭവിക്കുന്നത്. അതിനാൽത്തന്നെ ഈ കുഞ്ഞിന്റെ ജന്മദിനം നമുക്കും അതിരുകളില്ലാത്ത സന്തോഷത്തിന്റെ ദിനമാണ്. അബ്രഹാമിനും സാറായ്ക്കും ഇസഹാക്ക്, എൽക്കാനാക്കും ഹന്നായ്ക്കും സാമൂവൽ, സഖറിയായ്ക്കും, എലിസബേത്തിനും യോഹന്നാൻ എന്നിങ്ങനെ ബൈബിളിലെ പ്രതിഭകളെയുംപോലെ, തുടക്കം മുതൽ മേരിയുടെ ജീവിതത്തിൽ ദൈവത്തിന്റെ പ്രത്യേക സാന്നിദ്ധ്യം ഊന്നിപ്പറയുന്നു.

ആഗോള സഭ, ഏറെ പ്രത്യേകിച്ച് പൗരസ്ത്യസഭ, ആറാം നൂറ്റാണ്ടു മുതൽ മറിയത്തിന്റെ ജനനം ആഘോഷിച്ചു വരുന്നു. പൗരസ്ത്യ സഭ അതിന്റെ സഭാവർഷം സെപ്റ്റംബറിൽ ആരംഭിക്കുന്നതിനാലാണ് അതേ സെപ്റ്റംബർമാസം തന്നെ മറിയത്തിന്റെ ജന്മദിനാഘോഷത്തിനായി തിരഞ്ഞെടുത്തത്. എട്ടു ദിവസത്തെ നോയ്മ്പോടുകൂടിയാണ് മറിയത്തിന്റെ ജന്മദിനം ആഘോഷിച്ചത്. എട്ടു ദിവസത്തെ നോയ്മ്പ് അവസാനിക്കുന്ന സെപ്റ്റംബർ 8 മറിയത്തിന്റെ ജന്മദിനമായി ആചരിച്ചു വരുന്നു.

വിശുദ്ധ അഗസ്റ്റിൻ മറിയത്തിന്റെ ജനനത്തെ യേശുവിന്റെ രക്ഷാകര പ്രവർത്തനവുമായി ബന്ധിപ്പിക്കുന്നു. യേശു ദൈവസ്നേഹത്തിന്റെ പൂർണ്ണമായ പ്രകടനമാണെങ്കിൽ, മറിയം ആ സ്നേഹത്തിന്റെ മുൻനിഴലാണ്. യേശു ലോകത്തിന്റെ രക്ഷയുടെ പൂർണ്ണതകൊണ്ടുവന്നെങ്കിൽ മറിയം അതിന്റെ പ്രഭാതമാണ്. അതിനാൽ മറിയത്തിന്റെ ജനനം ലോകം മുഴുവൻ സന്തോഷിക്കുന്നു, പ്രകാശിക്കുന്നു. അവളുടെ ജനനത്തിലൂടെ നമ്മുടെ ആദ്യമാതാപിതാക്കളിൽ നിന്ന് പാരമ്പര്യമായി ലഭിച്ച സ്വഭാവം മാറുന്നു,

യേശുവിന്റെ ജനനത്തിന് അടുത്തതായി, മറിയത്തിന്റെ ജനനം ലോകത്തിന് സാദ്ധ്യമായ ഏറ്റവും വലിയ സന്തോഷം നൽകുന്നു. ഓരോ തവണയും അവളുടെ ജനനം ആഘോഷിക്കുമ്പോൾ നമ്മുടെ ഹൃദയത്തിലും ലോകത്തിലും സമാധാനം വർദ്ധിക്കുമെന്ന് നമുക്ക് ആത്മവിശ്വാസത്തോടെ പ്രതീക്ഷിക്കാം.

# കേരള സഭാനവീകരണം 2022-2025 കെ.സി.ബി.സി. പുറപ്പെടുവിക്കുന്ന 3-ാമത് സർക്കുലർ

**കേ**രളസഭാനവീകരണത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ദൈവകൃപയാൽ സുഗമമായി മുന്നോട്ടുപോകുകയാണല്ലോ. കെ.സി.ബി.സി.യിലെ അഭിവന്ദ്യ പിതാക്കന്മാരും എല്ലാ വൈദികരും സന്ന്യസ്തരും അല്മായ വിശ്വാസിസമൂഹവും നവീകരണപ്രക്രിയയിൽ വിശ്വാസതീക്ഷ്ണതയോടും ആവേശത്തോടുംകൂടെ കൈകൾ കോർത്തു പ്രവർത്തിക്കുകയാണ്. സംസ്ഥാനതലത്തിൽ ആരംഭിച്ച നവീകരണത്തിന്റെ പ്രാരംഭ നടപടികൾ പ്രത്യേകം തിരഞ്ഞെടുത്തിട്ടുള്ള ടീമംഗങ്ങളുടെ നേതൃത്വത്തിൽ രൂപതാതലങ്ങളിലേക്ക് വ്യാപിച്ചുകൊണ്ടിരിക്കുന്നു.

ദൈവാത്മാവിന്റെ പ്രചോദനത്താലും കൃപയാലും നമ്മൾ ആരംഭിച്ചിരിക്കുന്ന ഈ നവീകരണപ്രക്രിയ കൂടുതൽ സജീവവും ഫലപ്രദവുമാകാൻ ആത്മീയമായ ഒരു മുന്നേറ്റം നമുക്കാവശ്യമുണ്ട്. നവീകരിക്കപ്പെട്ട് ഒരു പുതിയ സൃഷ്ടിയായിത്തീരുക എന്നത് മനുഷ്യന്റെ പ്രയത്നം കൊണ്ടുമാത്രം സാധ്യമാകുന്ന കാര്യമല്ല. ദൈവത്തിന്റെ കരുണയാണ് നമ്മെ നവീകരണത്തിലേക്കു നയിക്കുന്നത്. നമ്മെ നിരന്തരം നയിക്കുന്ന പരിശുദ്ധാത്മാവിലും അനുതാപത്തിലും ദൈവസന്നിധിയിൽ സമയം ചെലവഴിച്ചുകൊണ്ടും ദൈവത്തിന്റെ കാരുണ്യം നമ്മൾ യാചിക്കേണ്ടിയിരിക്കുന്നു.

അപ്പോസ്തല പ്രമുഖനായ വിശുദ്ധ പത്രോസ് ഓർമ്മിപ്പിക്കുന്നതുപോലെ, ക്രിസ്തുവിലുള്ള നവജീവൻ പ്രാപിക്കുന്നതിന് എതിരായിട്ടുള്ളതെല്ലാം നാം ഉപേക്ഷിക്കേണ്ടിയിരിക്കുന്നു (1 പത്രോ. 2:2). അനുതാപമെന്നാൽ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഉണ്ടാകുന്ന ഒരു മാറ്റമാണ്. ഒരു ശിശുവിനെപ്പോലെ നിഷ്കളങ്കനാകുന്ന അവസ്ഥ എന്നാണ് യേശു അതിനെ വിശേഷിപ്പിച്ചിട്ടുള്ളത് (മത്താ. 18:3). പ്രാർത്ഥനയിലൂടെയും അനുതാപത്തിലൂടെയും ഉറച്ച വിശ്വാസത്തിലൂടെയും മാത്രമേ നമുക്ക് ദൈവപിതാവിനോട് ചേർന്നു നില്ക്കാൻ കഴിയുകയുള്ളൂ. കേരളസഭാനവീകരണത്തിന്റെ പ്രാരംഭകാലത്തു തന്നെ തീവ്രമായ ആത്മീയ ഒരുക്കത്തിനു സഹായകമാകുന്ന ചിലകാര്യങ്ങൾ നമുക്കു നിർവഹിക്കാൻ കഴിയും.

**നാല്പതുദിവസത്തെ പ്രാർത്ഥനാചരണവും പൂർണദണ്ഡ വിമോചനവും**

സഭയെ നിരന്തരം നയിക്കുകയും നവീകരിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവ് ക്രിസ്തുവിൽ നമ്മെ ഒരു പുതിയ സൃഷ്ടിയാക്കി മാറ്റുന്നു.

ക്രിസ്തുവാണ് നവീകരണത്തിന്റെ ഉറവിടവും കേന്ദ്രവും. ക്രിസ്തു കേന്ദ്രീകൃതവും സാഹോദര്യത്തിലും അനുരഞ്ജനത്തിലും അധിഷ്ഠിതവും പ്രേഷിതാഭിമുഖ്യവുമുള്ള ഒരു ജീവിത ശൈലിയിലേക്കാണ് ഈ നവീകരണകാലം നമ്മെ ക്ഷണിക്കുന്നത്. അതുകൊണ്ട് നവീകരണത്തിന്റെ ഈ പ്രാരംഭഘട്ടത്തിൽ നാല്പതു ദിവസം നീണ്ടുനില്ക്കുന്ന പ്രാർത്ഥനാ പരിത്യാഗ പ്രവർത്ത നങ്ങൾ നമ്മൾ ആരംഭിക്കുന്നു. 2022 സെപ്തംബർ 9 മുതൽ ഒക്ടോബർ 18 വരെയുള്ള ദിവസങ്ങളിലായി കേരള കത്തോലിക്കാസഭയിലെ എല്ലാ ഇടവകകളും കുടുംബങ്ങളും വ്യക്തികളും പ്രാർത്ഥനയിലും പരിത്യാഗത്തിലും കഴിയണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

ഈ നാല്പതുദിവസങ്ങളിൽ ഒരു ദിവസം ഒരു രൂപതയ്ക്കുവേണ്ടി എന്ന ക്രമത്തിൽ പ്രത്യേകമാംവിധം നിശ്ചയിച്ചിട്ടുണ്ട് . ഓരോ രൂപതയും അവർക്ക് നിശ്ചയിക്കപ്പെട്ട പ്രസ്തുത ദിനത്തിൽ ആ രൂപതയിലെ എല്ലാ കുടുംബങ്ങളും ഇടവകകളും സ്ഥാപനങ്ങളും സ്വന്തം രൂപതയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു. വേണ്ടത്ര ഭക്തിയോടും ഒരുക്കത്തോടും കൂടെ അന്നേ ദിവസം കുമ്പസാരം എന്ന കൂദാശ സ്വീകരിച്ചുകൊണ്ട് പ്രാർത്ഥി ക്കുന്ന വിശ്വാസികൾക്ക് തിരുസഭയുടെ പ്രത്യേക അധികാരത്തിൻ കീഴിൽ പൂർണദണ്ഡ വിമോചനം ലഭിക്കുന്നതാണെന്ന് സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു. മാത്രമല്ല കേരളത്തിലെ മറ്റെല്ലാ രൂപതകളും അന്നേ ദിവസം അവർ അർപ്പിക്കുന്ന ദിവ്യബലിയിലും മറ്റു പ്രാർത്ഥനകളിലും നിശ്ചയിക്കപ്പെട്ട രൂപതയ്ക്കുവേണ്ടി പേരെടുത്തു പറഞ്ഞ് പ്രാർത്ഥിക്കുന്നു. അപ്രകാരം ഒരു രൂപതയ്ക്കുവേണ്ടി മറ്റെല്ലാ രൂപതകളും പ്രാർത്ഥിക്കുന്ന അനുഭവം ക്രിസ്തുവിന്റെ ഏക ശരീരമായ സഭയുടെ കൂട്ടായ്മയെ ശക്തിപ്പെടുത്തുകയും പ്രാർത്ഥനയുടെ ഈ ഐക്യത്തിൽ ഒന്നുചേരുന്ന നമ്മുടെ ഹൃദയങ്ങളെ പരിശുദ്ധാത്മാവ് കോർത്തിണക്കി ആദിമസഭാ ചൈതന്യം നമ്മളിൽ ജ്വലിപ്പിക്കുകയും ചെയ്യും.

കേരളത്തിലെ 32 രൂപതകളെയും ഈ പ്രാർത്ഥനാദിനങ്ങളിൽ പ്രത്യേകം ഓർത്തു പ്രാർഥിച്ചതിനുശേഷമുള്ള 8 ദിനങ്ങളിൽ പ്രത്യേക പൊതു നിയോഗങ്ങൾക്കുവേണ്ടിയും ഉൾപ്പെടുത്തിട്ടുണ്ട്.

**ഒക്ടോബർ മാസാചരണം**

പരിശുദ്ധ കന്യകാമറിയത്തോടുള്ള വണക്കത്തിനും ജപമാല ആചരണത്തിനുമായി പ്രത്യേകം സമർപ്പിക്കപ്പെട്ടിട്ടുള്ള ഒക്ടോബർ മാസാചരണത്തിലൂടെ പരിശുദ്ധ അമ്മയ്ക്ക് നമ്മുടെ കുടുംബങ്ങളെയും കേരള സഭ മുഴുവനെയും നമുക്ക് ഭരമേല്പിക്കാം. ഒക്ടോബർ മാസാചരണത്തിന്റെ ആവശ്യകതയും പ്രാധാന്യവും പഠിപ്പിച്ചുകൊണ്ട് 1891 സെപ്തംബർ 22ന് ലെയോ പതിമൂന്നാമൻ മാർപ്പാപ്പ 'ഓബി മെൻസേ' എന്ന പേരിൽ പുറപ്പെ ടുവിച്ച ചാക്രികലേഖനത്തിൽ ഇങ്ങനെ പറയുന്നു: 'പുത്രനിലൂടെയല്ലാതെ ഒരുവനും പിതാവിലേക്കു പോകുന്നില്ല. അതുപോലെ, ക്രിസ്തുവിലേക്ക് ഒരുവനും അവിടുത്തെ അമ്മയിലൂടെയല്ലാതെ പോകുന്നില്ല. (n. 4). പീഡിതരെയും തകർന്നവരെയും ദൈവ

കാരുണ്യത്തിലുള്ള പ്രത്യാശയിലേക്ക് പിടിച്ചുയർത്താൻ വേണ്ട കാരുണ്യമുള്ള അമ്മയും മദ്ധ്യസ്ഥയുമാണ് പരിശുദ്ധമറിയം. ദൈവത്തിന്റെയും മനുഷ്യരുടെയും മാതാവായ മറിയത്തിനു മുൻപിൽ ക്രൈസ്തവലോകം നിരന്തരം പ്രാർത്ഥനകൾ ചൊരിയണമെന്ന് വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നുണ്ട് (YC 69 ).

2023 ഒക്ടോബർ ഒന്നാം തിയതി മുതൽ 31-ാം തിയതി വരെ കേരള കത്തോലിക്കാ സഭാംഗങ്ങൾ മുഴുവൻ ഏകഹൃദയത്തോടും തീവ്രമായ ഭക്തിയോടുംകൂടെ ജപമാല പ്രാർത്ഥന ചൊല്ലി പ്രാർത്ഥിക്കുന്നു. അപ്രകാരം ഈ ജപമാല പ്രാർത്ഥനയിലൂടെ സന്തോഷത്തിന്റെയും സന്താപത്തിന്റെയും മഹത്വത്തിന്റെയും ദൈവിക വെളിപാടുകളുടെയും മഹാരഹസ്യങ്ങളിൽ യേശുവിനോടുചേർന്നു പങ്കുവഹിച്ച പരിശുദ്ധ മറിയത്തോടൊപ്പം നമ്മളും ധ്യാനപൂർവ്വം പങ്കുചേരുന്നു.

**വിമലഹൃദയ പ്രതിഷ്ഠ**

2023 ഒക്ടോബർ 31-ാം തീയതി ചൊവ്വാഴ്ച ജപമാല യജ്ഞത്തിന്റെ സമാപന ദിനത്തിൽ ഓരോ രൂപതയെയും അതത് രൂപതകളുടെ അദ്ധ്യക്ഷന്മാർ പരിശുദ്ധ ദൈവ മാതാവിന്റെ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ചു പ്രാർത്ഥിക്കുന്നു. അന്നേദിവസം കത്തീഡ്രൽ ദൈവാലയത്തിൽ അർപ്പിക്കുന്ന ദിവ്യബലി മദ്ധ്യേയാണ് ഈ പ്രതിഷ്ഠ നടത്തേണ്ടത്. പാലാരിവട്ടം പി.ഒ.സി. ചാപ്പലിൽ അന്നേദിവസം വൈകുന്നേരം 5 മണിക്ക് അർപ്പിക്കുന്ന ദിവ്യബലി മധ്യേ കേരള കത്തോലിക്കാസഭയെ മുഴുവനായും പരിശുദ്ധ അമ്മയുടെ വിമലഹൃദയത്തിനു പ്രതിഷ്ഠിച്ചു പ്രാർത്ഥിക്കും. കേരള സഭാനവീകരണ യജ്ഞത്തിൽ പരിശുദ്ധ മറിയം നമ്മോടൊത്തു യാത്ര ചെയ്യുകയും നമുക്കുവേണ്ടി നിരന്തരം തന്റെ പുത്രന്റെ സന്നിധിയിൽ മദ്ധ്യസ്ഥം അപേക്ഷിക്കുകയും ചെയ്യട്ടെ. സഭയെയും സമൂഹത്തെയും നമ്മുടെ കുടുംബങ്ങളെയും നമ്മെ ഓരോരുത്തരെയും പരിശുദ്ധ അമ്മയ്ക്ക് ഭരമേല്പിച്ചു പ്രാർത്ഥിക്കാം.

**യൗസേപ്പിതാവിന്റെ മാതൃക**

ഈശോയുടെ വളർത്തുപിതാവും തിരുസഭയുടെ സംരക്ഷകനുമായ വിശുദ്ധ യൗസേപ്പിതാവിന്റെ സംരക്ഷണത്തിനും മധ്യസ്ഥത്തിനുമായി കേരളസഭയെ മുഴുവനായും നമ്മെ ഓരോരുത്തരെ വ്യക്തിപരമായും സമർപ്പിക്കാം. ദൈവവചനത്തിൽ അധിഷ്ഠിതമായ ജീവിതം നയിക്കുകയും ദൈവികനിയമങ്ങളോട് കണിശതയോടെ വിശ്വസ്തത പുലർത്തുകയും ചെയ്ത വിശുദ്ധ യൗസേപ്പിതാവിന്റെ നീതിബോധം നമ്മുടെ വിശ്വാസ ജീവിതത്തിന് മാതൃകയും പ്രചോദനവുമായി ഭവിക്കട്ടെ. ദൈവം തന്നെ ഭരമേല്പിച്ച മറിയത്തെ അപമാനിതയാകാൻ വിട്ടുകൊടുക്കാതെ അവളുടെ സ്ത്രീത്വത്തെ ആദരിച്ച യൗസേപിതാവ് സഭയുടെയും നമ്മുടെ കുടുംബങ്ങളുടെയും സംരക്ഷകനാണ്. വിശുദ്ധ യൗസേപിതാവിന്റെ വിശ്വസ്തതയുടെയും നീതിബോധത്തിന്റെയും മാതൃക ഈ നവീകരണ കാലത്ത് നമുക്ക് സഹായകമാകട്ടെ.

**വൈദികർക്കും സന്ന്യസ്തർക്കും വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനാദിനം**

കേരളസഭയിലെ മുഴുവൻ വൈദികരെയും സന്ന്യസ്തരെയും ദൈവതിരുമുൻപിൽ സമർപ്പിച്ചു പ്രാർത്ഥിക്കാൻ ഈ നവീകരണ കാലത്ത് നമ്മൾ പ്രത്യേകം ശ്രദ്ധവയ്ക്കേണ്ടിയിരിക്കുന്നു. ആയതിനാൽ നാല്പതു ദിവസത്തെ പ്രത്യേക പ്രാർത്ഥനാചരണ ദിവസങ്ങളിൽ ഒരു ദിവസം വൈദികർക്കും സന്ന്യസ്തർക്കുമായി സമർപ്പിക്കാം. ഓരോ രൂപതയുടെയും അധ്യക്ഷന്മാർ അതിനായി ഒരു പ്രത്യേകദിനം കണ്ടെത്തി രൂപതാംഗങ്ങളെ അറിയിക്കുന്നതാണ്.

**ഉപസംഹാരം**

ആത്മീയമായ ഒരുക്കത്തോടെ പരിശുദ്ധ അമ്മയോടും വിശുദ്ധ യൗസേപിതാവിനോടും ചേർന്ന് കേരളസഭാ നവീകരണ യജ്ഞത്തിൽ നമുക്ക് മുന്നേറാം. ഇവരുടെ മാതൃകയും മദ്ധ്യസ്ഥതയും നമുക്ക് തുണയായിരിക്കട്ടെ. എല്ലാവർക്കും ദൈവാനുഗ്രഹം പ്രാർത്ഥിച്ചു കൊണ്ട്,

*സ്നേഹാദരങ്ങളോടെ,*

**കർദിനാൾ ജോർജ് ആലഞ്ചേരി**
**കെസിബിസി പ്രസിഡന്റ്**

**ബിഷപ്പ് വർഗീസ് ചക്കാലക്കൽ**
കെസിബിസി വൈസ് പ്രസിഡന്റ്

**ബിഷപ്പ് ജോസഫ് മാർ തോമസ്**
കെസിബിസി സെക്രട്ടറി ജനറൽ

പിഒസി, കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം, കൊച്ചി 682 025

---

## പരേതരെ സ്മരിക്കാം – സെപ്റ്റംബർ

| | | |
|---|---|---|
| 01 | (1993) | ഫാ. ദാനിയേൽ തട്ടാരശ്ശേരി |
| 05 | (2011) | ബിഷപ്പ് പീറ്റർ തുരുത്തിക്കോണം |
| 13 | (1997) | ഫാ. ബെനഡിക്റ്റ് ഒ. സി. ഡി. |
| 16 | (1979) | ഫാ. പോൾ കോയിക്കാരൻപറമ്പിൽ |
| 17 | (1949) | ഫാ. കാർമ്മൽ ഒ. സി. ഡി. |
| 17 | (1984) | ഫാ. ഫാബിയൻ ഒ. സി. ഡി. |
| 17 | (2017) | ഫാ. ജോർജ് പറപ്പള്ളി |
| 20 | (1987) | ഫാ. ലോറൻസ് പുതുമന |
| 22 | (2008) | ഫാ. ജോർജ് പാറയിൽ |



# മണിപ്പൂർ: സമാധാന മാർച്ച് നടത്തി



റാലി പ്രതിജ്ഞ

മണിപ്പൂരിൽ നടക്കുന്ന വംശഹത്യയ്ക്കും സ്ത്രീകൾക്കെതിരെ നടക്കുന്ന ആക്രമണത്തിനുമെതിരെ പ്രതിഷേധിച്ചുകൊണ്ടും അധികാരികൾ നിസ്സംഗത വെടിഞ്ഞ് സമാധാനം പുനസ്ഥാപിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും വിജയപുരം രൂപതയിലെ കോട്ടയം ഫൊറോനായുടെ 14 ഇടവകകളിലെ വിശ്വാസികൾ ഒത്തുചേർന്ന് സമാധാന മാർച്ച് നടത്തി. വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റി നേതൃത്വം നൽകി. മണിപ്പൂർ കലാപ വിരുദ്ധ മുദ്രാവാക്യങ്ങളും എഴുത്തുകളുമടങ്ങിയ പ്ലാക്കാർഡുകളുമേന്തിയായിരുന്നു ആയിരത്തോളം വരുന്ന വിശ്വാസികൾ റാലിയിൽ പങ്കെടുത്തത്.

കോട്ടയം നല്ലയിടയൻ ദൈവാലയത്തിൽ നിന്നാരംഭിച്ച റാലി വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ ഫ്ളാഗ് ഓഫ് ചെയ്തു.

ഫൊറോനാ വികാരി ഫാ. വിൽസൺ കാപ്പാട്ടിൽ ഒ.സി.ഡി., ജന.സെക്രട്ടറി ഫാ. സേവ്യർ മാമൂട്ടിൽ, വി.എസ്.എസ് ഡയറക്ടർ ഫാ. അഗസ്റ്റിൻ മേച്ചേരിൽ, രൂപതാ പി.ആർ.ഒ. അഡ്വ ഹെൻറി ജോൺ, ശ്രീ ഷിബു ആന്റണി എന്നിവർ ആമുഖ സന്ദേശങ്ങൾ നൽകി.

സമാധാന മാർച്ച് നഗരമധ്യത്തിലെ തിരുനക്കര പോലീസ് സ്റ്റേഷൻ മൈതാനിയിലെത്തിയതിനെത്തുടർന്നു നടത്തിയ യോഗത്തിൽ വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ അദ്ധ്യക്ഷത വഹിക്കുകയും സമാധാന പ്രതിജ്ഞ ചൊല്ലിക്കൊടുക്കുകയും ചെയ്തു. കേരള ലേബർ മൂവ്മെന്റ് വിജയപുരം രൂപതാ പ്രസിഡന്റ് കെ.ജെ ജോസഫ്, റവ. സി. ജനിൻ സി.എസ്.എസ്.റ്റി എന്നിവർ പ്രസംഗിച്ചു.

# ക്രൈസ്തവ വിദ്യാഭ്യാസവും പ്രേഷിത ദൗത്യവും



ഫാ. സെബാസ്റ്റ്യൻ പ്ലാത്തോട്ടം

**ആമുഖം**

തീർത്ഥാടകയായ സഭയുടെ അസ്തിത്വം പ്രേഷിത ദൗത്യത്തിൽ അന്തർലീനമാണ്. പ്രേഷിത ദൗത്യമില്ലാത്ത സഭ ചലനാത്മക സഭയല്ല. ക്രിസ്തു വിജ്ഞാനീയം അതിന്റെ സമഗ്രതയിൽ പകർന്നു കൊടുക്കുകയെന്നത് സഭയുടെ അടിസ്ഥാന ദൗത്യമാണ്. ഈ ദൗത്യത്തെ സഭയുടെ പരമോന്നത ദൗത്യമായി കാണാനാവുമ്പോൾ, ക്രൈസ്തവ വിദ്യാഭ്യാസത്തിന്റെ ക്രിയാത്മകമായ പ്രസക്തി നമുക്ക് ബോധ്യപ്പെടും. ശരിയായ അറിവും ജ്ഞാനവും മനുഷ്യനിൽ രൂപപ്പെടുത്തുമ്പോഴാണ് സഭയ്ക്ക് ശരിയായ വിധത്തിൽ പ്രേഷിത ദൗത്യം നിറവേറ്റുവാൻ കഴിയുന്നത്. അതുകൊണ്ടുതന്നെ പ്രേഷിത പ്രവർത്തനത്തിന്റെ അടിസ്ഥാന ഘടകമായി ക്രൈസ്തവ വിദ്യാഭ്യാസം നിലകൊള്ളുന്നു. അജ്ഞതയുടെ തലത്തിൽ നിന്നുകൊണ്ട് വചനം പ്രഘോഷിക്കുവാൻ സഭയ്ക്കു കഴിയുകയില്ല. ഇവിടെ സഭ ശ്രദ്ധിക്കുന്നത് അക്ഷര ജ്ഞാനവും അറിയുവാനുള്ള ആഗ്രഹവും മനുഷ്യനിൽ ഉണർത്തുകയെന്ന കർമ്മമാണ്. അതിന്റെ അടിസ്ഥാനം ക്രിസ്തുവിനെക്കുറിച്ചുള്ള അറിവാണ്. ക്രൈസ്തവ വിദ്യാകേന്ദ്രങ്ങളുടെ അസ്തിത്വവും നിലനിൽപ്പും അധിഷ്ഠിതമായിരിക്കുന്നത് പ്രേഷിത ദൗത്യത്തിലാണ്.

**എന്താണ് ക്രൈസ്തവ വിദ്യാഭ്യാസം?**

ജ്ഞാനസ്നാനം എന്ന കൂദാശയിലൂടെ സഭയുടെ അംഗങ്ങളായ ഓരോ വ്യക്തിയും ദൈവമക്കളുടെ സ്വാതന്ത്ര്യവും സന്തോഷവും അനുഭവിക്കുന്നു. ഈ ക്രൈസ്തവ വിളി സ്വീകരിച്ച ഓരോ വ്യക്തിക്കും ക്രിസ്തീയ വിദ്യാഭ്യാസത്തിന് അവകാശം ഉണ്ടെന്നു രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു. ക്രൈസ്തവ വിദ്യാഭ്യാസത്തിലൂടെ മനുഷ്യവ്യക്തിത്വത്തിന്റെ പക്വത കൈവരുത്താൻ ശ്രമിക്കുക മാത്രമല്ല ക്രിസ്തീയ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. ഒപ്പം ക്രിസ്തു വിശ്വാസം സ്വീകരിച്ച എല്ലാവരെയും രക്ഷാകര രഹസ്യത്തിലേക്ക് നയിക്കുകയും അതോടൊപ്പം ദൈവത്തെ സത്യത്തിലും അരൂപിയിലും അധിഷ്ഠിതമായി ആരാധിക്കാൻ അവരെ പഠിപ്പിക്കുകയും കൂടിയാണ് അതിന്റെ ലക്ഷ്യം. തുടർന്ന് പരിപൂർണ്ണമായ മനുഷ്യവ്യക്തിത്വം പ്രാപിക്കുകയും ക്രിസ്തുവിന്റെ മൗതിക ശരീരമായ സഭയുടെ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുകയും ചെയ്യുക എന്നതും അതിന്റെ ലക്ഷ്യമാകുന്നു.

ക്രൈസ്തവ വിദ്യാഭ്യാസത്തിന്റെ അടിസ്ഥാനം ക്രിസ്തു കേന്ദ്രീകൃതമാണ്. എല്ലാ പഠനങ്ങളുടെയും കണ്ടുപിടുത്തങ്ങളുടെയും അടിസ്ഥാനമായി വർത്തിക്കേണ്ടത് ക്രിസ്തു വിജ്ഞാനീയം തന്നെയാണ്. എല്ലാ ശാസ്ത്ര സാങ്കേതിക കണ്ടുപിടുത്തങ്ങളും നയിക്കപ്പെടുന്നത് നിത്യസത്യമായ ക്രിസ്തുവിന്റെ ജീവിതത്തിലേക്കാണ്. ക്രിസ്തുവിനെ മാറ്റിനിർത്തി കൊണ്ടുള്ള ചരിത്ര വിശകലനങ്ങളും ശാസ്ത്ര കണ്ടുപിടുത്തങ്ങളും ക്രൈസ്തവ വിദ്യാഭ്യാസത്തിനെതിരാണ്. ലോകത്തെ ക്രൈസ്തവമായ രീതിയിൽ പരിവർത്തനപ്പെടുത്തുവാനും അതുപോലെ മനുഷ്യനിൽ കുടികൊള്ളുന്ന പ്രത്യാശയ്ക്കു സാക്ഷ്യം വഹിക്കുവാനും, ക്രിസ്തു വെളിപ്പെടുത്തിയ മനുഷ്യമഹത്വം പൂർണ്ണമായി കണക്കിലെടുത്തുകൊണ്ട് സ്വാഭാവിക മൂല്യങ്ങൾ ജീവിതത്തിൽ പകർത്തി മനുഷ്യരാശിയുടെ മുഴുവൻ നന്മയ്ക്കായി വിനിയോഗിക്കാൻ ക്രൈസ്തവ വിദ്യാഭ്യാസം ഉപയുക്തമാക്കണമെന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ ഓർമപ്പെടുത്തുന്നത്.

**സഭയുടെ പ്രേഷിതദൗത്യം വിദ്യാഭ്യാസത്തിലൂടെ**

ഫ്രാൻസിസ് പാപ്പാ, സഭയുടെ പ്രേഷിത ദൗത്യത്തെ, സഭാ ജീവിതത്തിന്റെ താക്കോലായിട്ടാണ് കരുതുന്നത്. ഇതിനർത്ഥം സഭയുടെ എല്ലാ പ്രവർത്തനങ്ങളുടെയും ലക്ഷ്യം സുവിശേഷ ദൗത്യത്തിൽ അധിഷ്ഠിതമായി സഭാ ജീവിതം ക്രമപ്പെടുത്തണം എന്നതാവണം എന്നാണ്. തുടർന്ന് ഈ ഭൂമിയിൽ ക്രൈസ്തവരുടെ നിലനിൽപ്പിന്റെ അടിസ്ഥാനവും പ്രേഷിത ദൗത്യത്തിൽ ഉൾചേർന്നിരിക്കുന്നുവെന്നും പാപ്പാ ഈ അടിസ്ഥാന ലക്ഷ്യം മുൻനിർത്തി ഓർമ്മപ്പെടുത്തുന്നു. സഭയുടെ പുരാതന കാലം മുതൽ സഭാ ശുശ്രൂഷയുടെ സിംഹഭാഗവും ചിലവഴിക്കപ്പെട്ടിരിക്കുന്നത് വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കായിട്ടാണ്. "നിങ്ങൾ ലോകമെങ്ങും പോയി സുവിശേഷം അറിയിക്കുവിൻ" എന്ന ക്രിസ്തുവിന്റെ സ്വരം ശ്രവിച്ച മിഷനറിമാർ ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുന്നതിനോടൊപ്പം ക്രൈസ്തവ വിദ്യാഭ്യാസത്തിനും പ്രാധാന്യം നല്കിയിരുന്നു. ലോകമെമ്പാടുമുള്ള ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇത് വ്യക്തമാക്കുന്നു. കേരളത്തിൽ "പള്ളിയോടൊപ്പം പള്ളിക്കൂടം" എന്ന ചിന്ത അർത്ഥപൂർണ്ണമാക്കിയത് ജ്വലിക്കുന്ന മിഷനറി ചൈതന്യത്തിന്റെ നേർക്കാഴ്ചകളാണ്. ബിഷപ്പ് ഡോ.ബർണ്ണാഡിൻ ബെച്ചിനെല്ലി ആണ് ഈ ചിന്തയ്ക്ക് രൂപംകൊടുത്തതും അത് അന്വർത്ഥമാക്കിയതും എന്നു നമുക്ക് നന്ദിയോടെ ഓർക്കാം.

സഭയുടെ ആരംഭകാലം മുതൽ പ്രേഷിത ദൗത്യം നടത്തിയിരുന്നത് വിദ്യാഭ്യാസത്തിലൂടെയാണ്. വിശ്വാസത്തിലും യുക്തിയിലും അധിഷ്ഠിതമായ മതാത്മപ്രക്രിയയാണ് സഭ നടത്തിയിരുന്നത്. വിശ്വാസം യുക്തിഭദ്രമായിരുന്നില്ലെങ്കിൽ, അത് അന്ധവിശ്വാസത്തിലും പ്രാകൃത വിശ്വാ

സങ്ങളിലേക്കും ഇടറിവീഴാൻ ഇടയാകും. അന്ധവിശ്വാസത്തിൽനിന്നും യുക്തിഭദ്രമായ വിശ്വാസജീവിതം രൂപപ്പെടുത്തുന്നതിൽ വിദ്യാഭ്യാസ പ്രക്രിയയ്ക്ക് നിർണ്ണായകമായ സ്ഥാനം ഉണ്ട്. ക്രൈസ്തവ മിഷനറിമാർ ഈ സത്യം തിരിച്ചറിഞ്ഞ് വിശ്വാസത്തോടൊപ്പം അറിവും പകർന്നുകൊടുക്കുവാൻ ശ്രദ്ധിച്ചിരുന്നു. അതുകൊണ്ടുതന്നെ ഇന്നും വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ ആത്യന്തികമായ ലക്ഷ്യം സഭയുടെ പ്രേഷിത പ്രവർത്തനം തന്നെയാണ്.

**ക്രൈസ്തവ വിദ്യാസദനങ്ങൾ - പ്രേഷിതദൗത്യത്തിന്.**

സ്നേഹത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും സുവിശേഷ ചൈതന്യത്താൽ പ്രബുദ്ധമായ സാഹചര്യം വിദ്യാലയങ്ങളിൽ കെട്ടിപ്പടുക്കുകയും സഭയുടെ സാന്നിധ്യം എന്നും വിദ്യാലയങ്ങളിൽ നിലനിർത്തുകയുമാണ് ക്രൈസ്തവ വിദ്യാലയങ്ങളുടെ ലക്ഷ്യമായി രണ്ടാം വത്തിക്കാൻ കൗൺസിൽ പറയുക. കാലഘട്ടത്തിന്റെ പുരോഗമനാത്മക സാഹചര്യങ്ങളെ വിലയിരുത്തി ശാസ്ത്രസാങ്കേതിക അറിവുകൾ ഉൾപ്പെടുത്തി ഭൗമിക നന്മകൾക്കായി അറിവു വിനിയോഗിക്കുന്നതോടൊപ്പം വിദ്യാർത്ഥികളിൽ ദൈവരാജ്യത്തിന്റെ വിപുലീകരണം ഉണ്ടാവുന്നതിന് സഹായിക്കാൻപോന്ന പ്രേഷിതാത്മകമായ സാഹചര്യവും വിദ്യാലയങ്ങളിൽ രൂപപ്പെടണം. ക്രൈസ്തവ വിദ്യാലയങ്ങൾ മാതൃകായോഗ്യവും പ്രേഷിതാത്മകവുമായ പ്രവർത്തനംവഴി മനുഷ്യസമൂഹത്തിൽ രക്ഷാകരമായ പുളിമാവുപോലെ പ്രവർത്തിക്കുന്ന ഇടമായിരിക്കണമെന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ ആഗ്രഹിക്കുന്നു. ഇതിനർത്ഥം ക്രൈസ്തവ വിദ്യാലയങ്ങൾ സുവിശേഷപ്രഘോഷണത്തിന്റെ ഈറ്റില്ലങ്ങളായി പ്രവർത്തിക്കണം എന്നുള്ളതാണ്. സുവിശേഷ പ്രഘോഷണത്തിന് ക്രൈസ്തവ വിദ്യാലയങ്ങൾ അതിന്റെ തികവിൽനിന്ന്, സാക്ഷ്യത്തിന്റെ ജീവിതശൈലിയിലൂടെ സുവിശേഷ പ്രേഷിത ദൗത്യത്തിൽ പങ്കാളികളാവണം.

വർത്തമാനകാലഘട്ടത്തിൽ, ക്രൈസ്തവ വിദ്യാസ്ഥാപനങ്ങളെ കച്ചവട സ്ഥാപനങ്ങളായി ചിത്രീകരിക്കുന്ന പ്രവണത കൂടിവരുന്നു. ഇതിന്റെ പ്രധാന കാരണം സുവിശേഷവത്കരണത്തിന്റെ ഇടമാകേണ്ട ക്രൈസ്തവ വിദ്യാലയങ്ങൾ ഇന്ന് തങ്ങളുടെ ലക്ഷ്യം മറന്ന് വാണിജ്യവത്കരിക്കപ്പെടുന്നുവെന്നതാണ്. നമ്മുടെ വിദ്യാലയങ്ങൾ ക്രിസ്തുവിന്റെ മൂല്യങ്ങളും സ്നേഹത്തിന്റെ പുതിയ മാനങ്ങളും പകർന്നു കൊടുക്കുവാൻ കഴിയുന്ന ഇടങ്ങളായി രൂപപ്പെടുന്നില്ലെങ്കിൽ ക്രൈസ്തവ വിദ്യാലയങ്ങളുടെ അസ്ഥിത്വംതന്നെ ഇല്ലാതാവുന്നു. ക്രിസ്തുവിന്റെ സുവിശേഷ ദൗത്യത്തിനും പ്രേഷിത ചൈതന്യത്തിനും ഇടം കൊടുക്കാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ക്രൈസ്തവ വിദ്യാലയങ്ങൾ എന്നു വിശേഷിപ്പിക്കുവാൻ കഴിയുകയില്ല.

**ക്രൈസ്തവ അദ്ധ്യാപകർ - പ്രേഷിത ദൗത്യത്തിന്റെ ചാലുകൾ**

ക്രൈസ്തവ അദ്ധ്യാപകരെ, മഹത്തരമായ "ദൈവവിളി" സ്വീകരിച്ചവർ എന്നാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ വിശേഷിപ്പിക്കുക. ക്രൈസ്തവമായി ഒരുങ്ങിയ മനസ്സും ഹൃദയവുമായി അദ്ധ്യാപനവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന അദ്ധ്യാപകർ കുട്ടികളിൽ ക്രൈസ്തവ മൂല്യങ്ങൾ പകർന്നു കൊടുക്കുന്നതിനും തൽഫലമായി പഠിതാക്കളിൽ തീവ്രമായ പ്രേഷിത ചൈതന്യം രൂപപ്പെടുത്തുന്നതിനും സഹായിക്കണം. ക്രൈസ്തവ അദ്ധ്യാപകർ എന്നും പ്രേഷിത ചൈതന്യത്തിന്റെ സ്രോതസ്സുകളായി നിലകൊള്ളുകയും തങ്ങൾ വെറുതെ അറിവു കൈമാറ്റം ചെയ്യുന്നവർ മാത്രമല്ലെന്നും, മറിച്ച് ക്രിസ്തുവിന്റെ നിലപാടുകൾക്കും മൂല്യങ്ങൾക്കും ശക്തമായ സാക്ഷ്യം വഹിക്കുന്ന വ്യക്തികളുമാണെന്നും തിരിച്ചറിയണം. ചിലപ്പോഴെങ്കിലും ക്രൈസ്തവ അദ്ധ്യാപകർ തങ്ങളുടെ ദൗത്യം മറന്ന് വെറും ജോലിക്കാരായി അധഃപതിക്കുന്ന സ്ഥിതി സംജാതമാകുന്നു. സവിശേഷമായ ദൈവവിളി സ്വീകരിച്ച ക്രൈസ്തവ അദ്ധ്യാപകർ പ്രേഷിത ചൈതന്യത്തോടെ വർത്തിച്ച് ദൈവരാജ്യത്തിന്റെ വളർച്ചയ്ക്ക് വേണ്ടി നിരന്തരം പരിശ്രമിക്കണമെന്ന് സഭ ഓർമ്മപ്പെടുത്തുന്നു.

**ഉപസംഹാരം**

2019 ഒക്ടോബർ മാസം അസാധാരണ പ്രേഷിത മാസമായി സഭ ആചരിച്ചപ്പോൾ ഒരു തിരിഞ്ഞുനോട്ടത്തിന്റെയും ആത്മവിശകലനത്തിന്റെയും അവസരമാണ് നമുക്കു ലഭിച്ചത്. പാപ്പാ പങ്കുവയ്ക്കുന്നത് സഭയ്ക്ക് ഇന്ന് ആവശ്യമായിരിക്കുന്നത് ഒരു പ്രേഷിതമാനസാന്തരമാണ് എന്നാണ്. അതിനാൽ സഭയുടെ പ്രേഷിത ചൈതന്യത്തെ തടസ്സപ്പെടുത്തുന്ന സഭാപരമായ അന്തർമുഖത്വം, സഭ തന്നെതന്നെ എല്ലാറ്റിനും മാനദണ്ഡമാക്കി തങ്ങളുടെ സുരക്ഷിത സങ്കേതങ്ങളിലേക്ക് ഉൾവലിയുന്ന പ്രവണത, അജപാലനപരമായ ശുഭാപ്തി വിശ്വാസമില്ലായ്മ, കഴിഞ്ഞകാലങ്ങളെക്കുറിച്ചുള്ള ഫലരഹിതമായ ഗൃഹാതുരത്വം, എന്നിവയിൽ നിന്നെല്ലാം മോചനം നേടി, സഭയുടെ ആത്യന്തികലക്ഷ്യം ധീരമായ പ്രേഷിത ദൗത്യമാണെന്നു മനസ്സിലാക്കി പ്രവർത്തിക്കുവാൻ പരിശ്രമിക്കണമെന്ന് പാപ്പാ ഓർമ്മപ്പെടുത്തുന്നു. ക്രൈസ്തവ വിദ്യാഭ്യാസം എക്കാലവും പ്രേഷിത ദൗത്യത്തിന് ആക്കം കൂട്ടുകയും, പ്രേഷിത ദൗത്യത്തിന്റെ സ്രോതസ്സും ചാനലുമായി വർത്തിക്കുകയും ചെയ്തിരുന്നു. ഈ അവസരത്തിൽ ക്രൈസ്തവ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം പ്രേഷിത ദൗത്യമാണെന്ന സത്യം തിരിച്ചറിഞ്ഞ് ക്രൈസ്തവ വിദ്യാഭ്യാസ സ്ഥാപനങ്ങളും ക്രൈസ്തവ അദ്ധ്യാപകരും മറക്കാതെ ഒരു പ്രേഷിത മാനസാന്തരത്തിന് തുടക്കം കുറിക്കുമ്പോൾ ക്രിസ്തുവിന്റെ സുവിശേഷത്തിന് ഈ ലോകത്തിൽ പ്രാധാന്യം വർദ്ധിക്കുന്നു.

## 2023 ജൂലൈ 7,8,9 തീയതികളിൽ
## കൊച്ചി ആൽഫാ പാസ്റ്ററൽ സെന്ററിൽ നടന്ന

# കെആർഎൽസിസി 41-ാം ജനറൽ അസംബ്ലി ചർച്ച ചെയ്ത് അംഗീകരിച്ച പ്രസ്താവന

1. ഇന്ത്യയെ രൂപപ്പെടുത്തുന്നതിൽ, ഇവിടത്തെ സാമൂഹ്യ സാമ്പത്തിക ഉന്നമനപ്രക്രിയയിൽ ത്യാഗോജ്ജ്വലമായ സേവനം നല്കിയ മഹത്തായ പാരമ്പര്യമാണ് ലത്തീൻ സമൂഹത്തിനുള്ളത്. സാർവത്രികവിദ്യാഭ്യാസത്തിന് പരിമിതികളുണ്ടായിരുന്ന കാലഘട്ടത്തിൽ അതിനായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിച്ച് എല്ലാ വിഭാഗങ്ങളെയും ലിംഗ വർണ്ണ വേർതിരിവുകളില്ലാതെ പഠിപ്പിക്കാനും ജാത്യവൈകൃതങ്ങളും ചാതുർവർണ്യവും അനാചാരങ്ങളും മാറ്റിനിർത്തലും പൗരാവകാശങ്ങൾ നിഷേധിക്കലും നിലനിന്ന കാലത്ത് ഒരു വികസിത സമൂഹത്തെ രൂപപ്പെടുത്താനും ലത്തീൻ കത്തോലിക്കാ സമുദായം നല്കിയ സംഭാവനകൾ വിസ്മരിക്കാവുന്നതല്ല. മലയാളി മെമ്മോറിയൽ തുടങ്ങി പൗരാവകാശങ്ങൾക്ക് വേണ്ടി ശക്തമായ നേതൃത്വം നല്കിയ പാരമ്പര്യവും പ്രഗത്ഭരായ രാഷ്ട്രീയനേതൃത്വവും സമുദായത്തിൽനിന്ന് ഉണ്ടായിട്ടുണ്ട്. കൊച്ചി നാവികതാവളം, തുമ്പ റോക്കറ്റ് വിക്ഷേപണകേന്ദ്രം, കൊച്ചി കപ്പൽശാല തുടങ്ങി നിരവധി വികസനസംരംഭങ്ങൾക്ക് സ്ഥലം വിട്ടുനല്കിയ ചരിത്രവും കേരള വികസനമാതൃകയുടെ അടിസ്ഥാനഘടകങ്ങളായ ആരോഗ്യ വിദ്യാഭ്യാസ മാധ്യമ മേഖലകളിലുൾപ്പെടെ വിവിധതലങ്ങളിൽ നല്ല മാതൃകകൾക്ക് തുടക്കം കുറിക്കാൻ സമുദായം നല്കിയ സംഭാവനകളും അഭിമാനാർഹം തന്നെയാണ്.
2. തദ്ദേശീയർ, വിദേശിയർ എന്ന വിഭാഗീയതകൾ കല്പിച്ച് നല്കി മതാധിഷ്ഠിതമായി സമൂഹത്തെ വേർതിരിച്ച് ന്യൂനപക്ഷസമൂഹങ്ങളെ ഇല്ലായ്മ ചെയ്യുവാനും ഭരണഘടന വിഭാവനം ചെയ്യുന്ന ബഹുസ്വരതയെന്ന അടിസ്ഥാനതത്വത്തെ തകർക്കാനും ഇന്ത്യയെ ഒരു മതരാഷ്ട്രമായി മാറ്റുവാനുമാണ് തല്പര സമൂഹ രാഷ്ട്രീയം ശ്രമിക്കുന്നത്. ഇന്ത്യയ്ക്ക് ഒരു മതംവേണമെന്ന് പറയാതെ പറഞ്ഞുതുടങ്ങിയിരിക്കുന്നു. പടിഞ്ഞാറൻ ഏഷ്യയിൽ നിന്ന് കുടിയേറി ഇവിടെ ഉണ്ടായിരുന്ന ആദി ദ്രാവിഡരെ പുറംതള്ളി ഇന്ത്യയുടെ വൈദിക ആധിപത്യം കൈയ്യാളിയ ഒരു സവർണ്ണ ന്യൂനപക്ഷം ഇന്ത്യയുടെ ആത്മാവ് നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുന്നു എന്നത് ഉത്കണ്ഠാകരമാണ്.
3. മതാധിഷ്ഠിത ആക്രമണങ്ങൾ പ്രത്യക്ഷത്തിൽ ഇല്ല എങ്കിലും കേരളത്തിൽ ലത്തീൻ കത്തോലിക്കാവിഭാഗത്തിന് ഭരണത്തിലും ഭരണനിർവഹണത്തിലും നീതിന്യായസംവിധാനത്തിലും സർക്കാരും വിവിധ രാഷ്ട്രീയപാർട്ടികളും അയിത്തം കല്പിച്ചതായി സമ്മേളനം വിലയിരുത്തുന്നു. പ്രശ്നാധിഷ്ഠിത മൂല്യാ

ധിഷ്ഠിത സമദൂര സമീപനം ഉയർത്തിപ്പിടിക്കുന്ന നമ്മുടെ ആവശ്യങ്ങളോട് എല്ലാ രാഷ്ട്രീയപാർട്ടികളും മുഖം തിരിഞ്ഞ് നില്ക്കുകയാണ്. തന്മൂലം നാം അധിവസിക്കുന്ന പ്രദേശത്തിന്റെ (ഉദാ- കടൽ, കായൽ, കൃഷി, വനം, വികസനപ്രവർത്തനങ്ങൾ, പുനരധിവാസം) വികസനപ്രക്രിയയിൽ ഉണ്ടാകുന്ന നിയമനിർമ്മാണങ്ങളിലും നയരൂപീകരണത്തിലും ചർച്ചയിലുംപോലും നമുക്ക് അവസരമില്ല.

4. ഭരണഘടന വിഭാവനം ചെയ്യുന്ന അധികാരത്തിലുള്ള പ്രാതിനിധ്യത്തിന്റെ അഭാവം, ഭരണനിർവഹണത്തിലുള്ള മനപൂർവമായ മാറ്റിനിർത്തൽ, നീതിന്യായ സംവിധാനത്തിലെ പ്രാതിനിധ്യമില്ലായ്മ എന്നിവ പരിഹരിക്കുവാൻ ലത്തീൻ കത്തോലിക്കാ സമുദായത്തിന്റെ ബോധപൂർവമായ ഇടപെടൽ ഉണ്ടാകണം എന്ന് ഈ സമ്മേളനം കരുതുന്നു.

5. വളർന്നുവരുന്ന വർഗീയ രാഷ്ട്രീയസംവിധാനം മതത്തിന്റെ ചുവടുപിടിച്ച് അധികാരത്തിൽ പിടിമുറുക്കുന്നതുപോലെ ചില ന്യൂനപക്ഷ സമുദായങ്ങളും രാഷ്ട്രീയവിലപേശൽ നടത്തി ഭരണനിർവഹണത്തിലെ പങ്കാളിത്തത്തിനായി (laisoning and lobbying) പ്രത്യേകസംവിധാനം രൂപപ്പെടുത്തി മുന്നേറുന്ന സാഹചര്യവും കേരളത്തിൽ സംജാതമായിരിക്കുന്നു.

6. ലത്തീൻ സഭാംഗങ്ങളിൽ വിശേഷിച്ച് യുവാക്കളിൽ അരാഷ്ട്രീയവാദം പ്രകടമാണ്. അധികാരത്തിൽ എത്താൻ സ്ത്രീ ജനങ്ങൾക്കുള്ള സൗകര്യങ്ങൾ ബോധപൂർവം സൃഷ്ടിക്കാൻ നമുക്ക് കഴിയുന്നില്ല. കേരളസമൂഹത്തിന്റെ മനസ്സ് പൊതുവേ മതനിരപേക്ഷമാണ്. അപ്രകാരമുള്ള സമൂഹത്തിൽ പൊതു സ്വീകാര്യർ ആയിട്ടുള്ള നേതാക്കളെ സൃഷ്ടിക്കാൻ അവസരങ്ങളും പരിശീലനങ്ങളും ബോധപൂർവം നല്കണം. സമ്മതരായ പൊതുപൗരന്മാരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ട്രേഡ് യൂണിയനുകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണം. ഇതിനായി എല്ലാ രൂപതകളിലും കെഎൽഎമ്മിന്റെ പ്രവർത്തനങ്ങൾ വ്യാപകമാക്കുകയും ശക്തിപ്പെടുത്തുകയും വേണം.

7. യുവജനങ്ങളെയും വനിതകളെയും രാഷ്ട്രനിർമ്മിതിയിൽ സജീവമായി നിർത്തണം. ട്രേഡ് യൂണിയൻ മേഖലകളിൽ, ആതുരശുശ്രൂഷാമേഖലയിൽ, വിദ്യാഭ്യാസ പരിപോഷണ പ്രക്രിയയിൽ, സർക്കാർ സേവനമേഖലയിൽ പൊതുസേവകരായി നമ്മുടെ യുവതീയുവാക്കൾ പൊതുസമൂഹത്തിൽ നിരന്തര സാന്നിദ്ധ്യമാകണം. ഇപ്രകാരം പൊതുമണ്ഡലത്തിൽ സ്വീകാര്യരായി സഭാമക്കൾ ഉയർന്നുവരണം. ഇടവകൾ കേന്ദ്രീകരിച്ച് ഭരണഘടന, നിയമങ്ങൾ, ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ തുടങ്ങിയവ വിലയിരുത്തുവാനും പഠിക്കുവാനും പഠിപ്പിക്കുവാനും വേദികൾ ഉണ്ടാകണം.

8. പിന്നാക്കമെന്നത് സാമ്പത്തിക വിദ്യാഭ്യാസ സാമൂഹിക പിന്നാക്കാവസ്ഥ എന്നതിലുപരി ജനാധിപത്യസംവിധാനത്തിൽ അധികാരത്തിലുള്ള പങ്കാളിത്തത്തിലെ ജനസംഖ്യാനുപാതിക പ്രാതിനിധ്യ കുറവാണ് എന്ന് ഈ സമ്മേളനം

വിലയിരുത്തുന്നു. ഭരണഘടനനിർമാണസഭയിലെ അംഗങ്ങളായിരുന്ന ഡോ. ബി.ആർ.അംബേദ്കർ, ശ്രീ. മുനിസാമിപിള്ള, ശ്രീ. നാഗപ്പ എന്നീ മഹാരഥന്മാരുടെ അഭിപ്രായങ്ങൾ ഇന്നും വളരെ പ്രസക്തമാണ്. ഈ പശ്ചാത്തലത്തിൽ സാമൂഹിക ദർശനങ്ങളിലൂന്നിയ നിരന്തരമായ പരിശീലനം അല്മായർക്ക് വിശിഷ്യ യുവതീയുവാക്കൾക്ക് നല്കണം. സമുദായത്തിന്റെ ജിഹ്വയായ ജീവനാദത്തെ സമുദായശക്തീകരണചിന്തകൾ ജനമനസ്സുകളിലെത്തിക്കുവാൻ സഹായിക്കുന്ന സംവിധാനമായി പ്രയോജനപ്പെടുത്തുവാൻ പ്രത്യേക ശ്രമമുണ്ടാകണം. സഭയുടെയും സമുദായത്തിന്റെയും പൊതു പരിപാടിയിലും മറ്റും പ്രാധാന്യമുള്ള ക്ഷണിതാക്കളായി അല്മായനേതൃത്വത്തെ പങ്കെടുപ്പിക്കണം. അതുവഴി സമുദായനേതൃത്വത്തിലുള്ളവരെ പൊതുസ്വീകാര്യരായി അവതരിപ്പിക്കാൻ സഭയ്ക്കു കഴിയും. രാഷ്ട്രീയ-ഭരണനേതൃത്വവുമായി സഭാനേതൃത്വത്തിന്റെ ഇടപെടലുകളിൽ നിർബന്ധമായും അല്മായനേതൃത്വത്തിന്റെ സാന്നിദ്ധ്യം ഉറപ്പാക്കണം. സഭാസംവിധാനങ്ങളുടെയും സ്ഥാപനങ്ങളുടെയും ഭരണനിർവഹണത്തിലും നടത്തിപ്പിലും അല്മായ സംഘടനാ നേതൃത്വത്തിലുള്ളവർക്ക് അർഹമായ പങ്കാളിത്തവും പ്രാതിനിധ്യവും ഉണ്ടാകണം.

9. പൂർവകാലങ്ങളിൽ ഒരു പൊതുസംഘടനയെന്ന നിലയിൽ ഒരു സമ്മർദ്ദശക്തിയാകുവാനും സമുദായത്തിനുവേണ്ടി നേട്ടങ്ങൾ കൊയ്യുവാനും കേരള ലാറ്റിൻ കാത്തലിക് അസോസിയേഷന് കഴിഞ്ഞിട്ടുണ്ട്. വർത്തമാനകാല രാഷ്ട്രീയത്തിലും ഭരണതലത്തിലും ലത്തീൻ സമുദായത്തിന്റെ സ്വാധീനം കൂടുതൽ ഉറപ്പിക്കേണ്ടതായിട്ടുണ്ട്. ഇതിനായി സാമൂഹ്യ രാഷ്ട്രീയവിഷയങ്ങളിൽ സമയോചിതമായ ഇടപെടലുകൾ നടത്തുവാൻ പ്രാപ്തമായ വിധം എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു പൊതു അല്മായ സംഘടനയായി കെഎൽസിഎയെ ശക്തിപ്പെടുത്തണം. ദലിത് സംഘടനകളെ ഏകോപിപ്പിച്ച് ശക്തിപ്പെടുത്തുന്നതിനായി കെആർഎൽസിസി തലത്തിൽ ഒരു പൊതുവേദി പ്രവർത്തിക്കണം. രാഷ്ട്രീയപ്രവർത്തകരെ അല്മായ സംഘടനകളിൽനിന്ന് ഒഴിവാക്കുവാൻ സാഹചര്യമൊരുക്കുന്ന തരത്തിലുള്ള ചട്ടങ്ങളും നിയമങ്ങളും പുനർവിചിന്തനത്തിന് വിധേയമാക്കണം.

10. സർക്കാരിന്റെ ഭരണനിർവഹണത്തിലെ പ്രധാന സ്ഥാനങ്ങൾ വഹിക്കുന്നവരാണ് ഭരണചക്രം തിരിക്കുന്നത്. സിവിൽ, പോലിസ്, പൊതുജനാരോഗ്യം, സെക്രട്ടറിയേറ്റ്, ജില്ലാഭരണനേതൃത്വം എന്നിവിടങ്ങളിൽ ലത്തീൻ കത്തോലിക്കാ സമുദായംഗങ്ങളുടെ കുറവ് പലപ്പോഴും നമ്മുടെ ഇടപെടലുകൾക്ക് തടസ്സം ഉണ്ടാകുകയും അതുവഴി നീതി നിഷേധത്തിന് കാരണമായിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനായി സിവിൽ സർവീസിലെ ക്ലാസ്സ് 1, ക്ലാസ്സ് 2 തസ്തികകളിൽ നേരിട്ട് പ്രവേശിക്കാൻ തക്കവണ്ണം ദീർഘകാലപരിശീലനപദ്ധതികൾ സിഎസ്ജിപി മാതൃകയിൽ രൂപതാതലത്തിൽ ആവിഷ്കരിക്കണം. 5 വർഷം നീണ്ടുനില്ക്കുന്ന ആക്ഷൻ പ്ലാൻ ഓരോ രൂപതയും രൂപപ്പെടുത്തണം.

# ഇടവക വാർത്തകൾ



ചാത്തൻതറ സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ Grand Parents Day 30.07.2023 ൽ ബഹു. സെബാസ്റ്റ്യൻ വില്ലുകുളമച്ചന്റെയും ബഹു. ബ്രിട്ടോ വില്ലുകുളമച്ചന്റെയും നേതൃത്വത്തിൽ ആഘോഷിച്ചു. ദിവ്യബലി അർപ്പിച്ചു പ്രാർത്ഥിക്കുകയും തുടർന്ന് നടന്ന പരിപാടിയിൽ ഇടവകയിലെ മുതിർന്നവരും കുട്ടികളും തമ്മിൽ ആശയങ്ങൾ അനുഭവങ്ങളും പങ്കുവക്കുകയും മുതിർന്നവർക്കായി രസകരമായ കളികൾ നടത്തുകയും ചെയ്തു.



Grand Parents Day : സെന്റ് ജോസഫ്സ് ചർച്ച് സൂര്യനെല്ലി.



ക്രിസ്തുരാജ മതബോധന കേന്ദ്രം
മുവാറ്റുപുഴ മരിയ ഗോരെത്തി ദിനം
പ്രസംഗം
അനീറ്റ മോണിക്ക ആന്റണി.



വയോജനദിനം : കുറുമുള്ളൂർ സെന്റ് മേരീസ് : വികാരി ഫാ. ജോഫി വല്ലത്തുംചിറ, മതാദ്ധ്യപക എച്ച്.എം. ജോസഫ് നെല്ലിത്താനം, പാരിഷ് കൗൺസിൽ സെക്രട്ടറി ശ്രീ. ഷാജി താന്നികുന്നേൽ, പി.റ്റി.എ കൺവീനർ ശ്രീ. ജോൺസൺ വലയിൽ, കെ.സി.വൈ.എം. പ്രതിനിധി റോണോ റോസ് ജോണി സൺഡേ സ്കൂൾ അധ്യാപിക ഹർഷാ വിൻസൺ ,ഡോ. മരിയ മാത്യു എന്നിവർ പ്രസംഗിച്ചു. തിരഞ്ഞെടുത്ത വയോജനങ്ങളിൽ ആരോഗ്യകാരണങ്ങളാൽ ദൈവാലയത്തിൽ എത്താൻ സാധിക്കാത്തവരെ വിദ്യാർത്ഥികളും അധ്യാപകരും ചേർന്നു ഭവനങ്ങളിൽ പോയി കാണുകയും ആശംസകൾ നേരുകയും ചെയ്തു.



എലിക്കുളം ലിറ്റിൽ ഫ്ളവർ ഇടവകയിൽ വയോജന ദിനാചരണത്തിന്റെ ഭാഗമായി വയോജനങ്ങളെ ആദരിച്ചു.




മൂവാറ്റുപുഴ ക്രിസ്തുരാജ മതബോധന കേന്ദ്രം: വയോജനദിനം (ഇടവകയിൽ ഏറ്റവും കൂടുതൽ വർഷം ദാമ്പത്യ ജീവിതം നയിച്ച മാതാപിതാക്കളെ സന്ദർശിച്ചു )



ആണ്ടൂർ മൗണ്ട് കാർമ്മൽ ഇടവകയിൽ വയോജന ദിനാചാരണം ഫാ. ജോസഫ് കുറ്റിക്കാട്ടിലിന്റെ നേതൃത്വത്തിൽ വയോജനങ്ങളെ ആദരിക്കുകയും കേക്ക് മുറിച്ച് സന്തോഷം പങ്കിടുകയും ചെയ്തു. എല്ലാ വയോജനങ്ങൾക്കും ജപമാല സമ്മാനമായി നൽകുകയും ചെയ്തു.



ചങ്ങനാശേരി മേരി മൗണ്ട് ഇടവകയിൽ നടന്ന സ്ഥൈര്യലേപനകർമ്മം



വികാരി ജനറാൾ മോൺ. ജസ്റ്റിൻ മഠത്തിപ്പറമ്പിൽ ചെങ്ങളം ഇടവകയുടെ നവീകരിച്ച വൈദിക വസതി ആശീർവ്വദിക്കുന്നു.



അമയന്നൂർ – അൾത്താര ശുശ്രൂഷകർക്ക് സ്ഥാനാരോഹണം



സെന്റ് സെബാസ്റ്റ്യൻ ചാത്തൻതറ - അൾത്താര ശുശ്രൂഷകർക്ക് സ്ഥാനാരോഹണം



അൾത്താരബാലദിനം : ആണ്ടൂർ മൗണ്ട് കാർമ്മൽ ദേവാലയത്തിൽ




അൾത്താര ബാലദിനം : മൂവാറ്റുപുഴ ക്രിസ്തു രാജ ദൈവാലയം



അൾത്താര ബാലദിനം : പാമ്പനാർ തിരുഹൃദയ ദൈവാലയം



അൾത്താര ബാലദിനം : വനവാതുക്കര ലിറ്റിൽ ഫ്ളവർ ദൈവാലയം



വൈദികദിനം: മൂവാറ്റുപുഴ ക്രിസ്തുരാജ ദേവാലയം. മതബോധന യൂണിറ്റിന്റെ ഭാഗമായി ശ്രീ. സ്റ്റെനിസ്ലാവൂസ് ഇടവക വികാരി വിൻസന്റ് പാറമേൽ അച്ചനു ബൊക്കെ നൽകുന്നു.






വൈദികദിനം: ചാത്തൻതറ സെന്റ്. സെബാസ്റ്റ്യൻസ് ദേവാലയം. അദ്ധ്യാപിക നിരോഷ തെരേസ, വിദ്യാർത്ഥി പ്രതിനിധി റിയോണ, സാമ്പത്തിക സമിതി സെക്രട്ടറി അജി വലിയപുരയ്ക്കൽ, പി.ടി.എ പ്രസി. സോണി വെള്ളക്കല്ലുങ്കൽ എന്നിവർ പ്രസംഗിച്ചു. മനു കുമ്പങ്കുളം ഉപഹാരം നൽകി.



വൈദികദിനം : സെന്റ് മേരീസ് ചർച്ച് കുറുമുള്ളൂർ. ഇടവകാംഗം കൂടിയായ ബഹുമാനപ്പെട്ട ജിനീഷ് പുളിയോരത്തച്ചൻ, ഇടവക വികാരി റവ. ഫാ. ജോഫി വല്ലത്തുംചിറ, സൺഡേ സ്കൂൾ അധ്യാപകൻ ജിൻസൺ ബേബി. എം.എം. ജോസഫ് നെല്ലിത്താനം സ്വാഗതമർപ്പിച്ചു.യോഗത്തിനു കൃതജ്ഞത അർപ്പിച്ചു.



പീരുമേട് സോണൽ കാറ്റിക്കിസം വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നവ മതാദ്ധ്യാപകരുടെ പരിശീലനം നടന്നു. ഫാ.ജോസ് മാനുവൽ കൈതക്കുഴിയുടെ അധ്യക്ഷതയിൽ നടന്ന യോഗം ഫാ. സെബാസ്റ്റ്യൻ തെക്കതെച്ചേരിയിൽ ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി റെവ.ഫാ. ജോസ് കാടൻതുരുത്തേൽ, സെക്രട്ടറി സെൽവം, എന്നിവർ പ്രസംഗിച്ചു.



അടുത്ത ലോക യുവജന സംഗമം 2027ൽ, ആതിഥേയർ ഏഷ്യൻ രാജ്യമായ സൗത്ത് കൊറിയയിലെ സിയൂൾ നഗരം. ലിസ്ബണിൽ നടന്ന യുവജന സംഗമത്തിന്റെ സമാപന ദിവ്യബലിക്കുശേഷമുള്ള ആഞ്ചലൂസ് പ്രാർത്ഥനാമധ്യേയാണ് ഫ്രാൻസിസ് പാപ്പ അടുത്ത ലോക യുവജന സംഗമത്തിന്റെ വർഷവും വേദിയും പ്രഖ്യാപിച്ചത്.



വൈദികരുടെ ത്രൈമാസ സമ്മേളനം –വിമലഗിരി പാസ്റ്ററൽ സെന്റർ



തിരുവല്ല മേഖല സൺഡേസ്കൂൾ ലീഡേഴ്സിന്റെ സംഗമം 2023 ഓഗസ്റ്റ് 15 ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ നാലുമണിവരെ തിരുവല്ല തുകലശ്ശേരി സെന്റ് ജോസഫ് ഇടവകയിൽ വച്ച് നടത്തപ്പെട്ടു . 85 കുട്ടികൾ പങ്കെടുത്തു. തിരുവല്ലമേഖല മതബോധന ഡയറക്ടർ ബഹുമാനപ്പെട്ട ജോഷി അച്ചന്റെ അധ്യക്ഷതയിൽ കൂടിയ സംഗമം തുകലശ്ശേരി സെന്റ് ജോസഫ് ഇടവക വികാരി ബഹുമാനപെട്ട തിയോഫിനച്ചൻ ഉദ്ഘാടനം ചെയ്തു. പൂവം ഇടവക വികാരി ബഹുമാനപ്പെട്ട തോമസ് തൈപ്പറമ്പിൽ അച്ചൻ ആശംസകൾ അർപ്പിച്ചു. റവ ഫാ ജോർജ് ലോബോ, റവ ഫാ അജീഷ്, റവ ഫാ ജോൺവിയാനി എന്നിവർ സന്നിഹിതരായിരുന്നു മിസ്സ് എലിസബത്ത് മാത്യു ക്രിസ്തീയ നേതൃത്വത്തെ കുറിച്ചുള്ള ക്ലാസ് നയിച്ചു. തുടർന്ന് കുട്ടികളുടെ കലാപരിപാടികൾ നടത്തപ്പെട്ടു



മതബോധന യൂണിറ്റിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി രൂപത മതബോധന ഡയറക്ടർ പെരിയ ബഹുമാനപ്പെട്ട വർഗീസ് കോട്ടയ്ക്കാട്ട് അച്ചൻ കുറിച്ചി സെന്റ് സേവ്യേഴ്സ് ദേവാലയ മതബോധന യൂണിറ്റ് സന്ദർശിച്ചു.

# വി.എസ്.എസ്.എസ്. വാർത്തകൾ

## നിറം-സ്വാതന്ത്ര്യദിനാഘോഷവും, നേതൃപരിശീലനവും



*നിറം- 2023 ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ഉദ്ഘാടനം ചെയ്യുന്നു.*

**സ്വാതന്ത്ര്യദിനാഘോഷം- 2023**

വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി വിജയ് ബാലവേദിയുടെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യദിനാഘോഷവും നേതൃപരിശീലനവും സംഘടിപ്പിച്ചു. അമലനിലയത്തിൽ വി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ പരിപാടി ഉദ്ഘാടനം ചെയ്തു. വിജയ് ്ബാലവേദിയുടെ പ്രൗഢമായ ഭൂതകാലം അനുസ്മരിച്ച അഗസ്റ്റിനച്ചൻ, ഇത്തരം ക്യാമ്പുകളിൽ പങ്കെടുത്ത് മടങ്ങുമ്പോൾ ഭാവിയിൽ പ്രയോജനം ചെയ്യുന്ന എന്തെങ്കിലുമായിട്ടായിരിക്കണം നിങ്ങൾ പോകേണ്ടതെന്നും അതിനുള്ള അവസരമാണിതെന്നും പറഞ്ഞു. ആശംസയർപ്പിച്ച അസി. ഡയറ്കർ ഫാ. ലിനോസ് ബിവേര, സ്വാതന്ത്ര്യത്തിന്റെ 77-ാം ജന്മദിനത്തിൽ ചാന്ദ്രദൗത്യവുമായി നാം അഭിമാനത്തോടെ തലയുയർത്തിനിൽക്കുന്നു. അപ്പോഴും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന കലാപവും വിദ്വേഷപ്രചരണവും നമ്മെ പിറകോട്ടടിക്കുന്നു. ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാകുവാൻ നാം യത്നിക്കണം അദ്ദേഹം പറഞ്ഞു. പ്രോഗ്രാം ഓഫീസർ സെബാസ്റ്റ്യൻ മറ്റത്തിൽ, കോ- ഓർഡിനേറ്റർ ഷിലി എബ്രഹാം, എന്നിവർ സംസാരിച്ചു. ഷിജു സക്കറിയ (ലേബർ ഇൻഡ്യ) നേതൃപരിശീലന ക്ലാസ് നയിച്ചു. കുട്ടികൾ ലഹരിവിരുദ്ധ പ്രതിജ്ഞ ഏറ്റുചൊല്ലി.

ബാലവേദി യൂണിറ്റുകൾക്കായി നടന്ന ദേശഭക്തി ഗാനമത്സരത്തിൽ ആണ്ടൂർ, പൊതി, വടവാതൂർ എന്നിവർ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ കരസ്ഥമാക്കി.



നിറം- ഷിജു സഖറിയാ (ലേബർ ഇൻഡ്യ)ക്ലാസ്സ് നയിക്കുന്നു.




2021-22 വാർഷിക റിപ്പോർട്ടിനുള്ള പുരസ്ക്കാരം സോഷ്യൽ ഫോറം ഡയറ്കർ ഫാ. ജേക്കബ് മാവുങ്കലിൽ നിന്ന് വി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ ഏറ്റുവാങ്ങുന്നു. അസി. ഡയറക്ടർ ഫാ. ലിനോസ് ബിവേര സമീപം.

---

കെ.സി.ബി.സി.യുടെ സാമൂഹ്യ സേവന വിഭാഗമായ കേരള സോഷ്യൽ സർവീസ് ഫോറം (KSSF) സോഷ്യൽ സർവീസ് സൊസൈറ്റികളുടെ വാർഷിക പ്രവർത്തന റിപ്പോർട്ടിനു നൽകിവരുന്ന Best Annual Report of the Year അവാർഡ് വിജയപുരം സോഷ്യൽ സർവീസ് സൊസൈറ്റിയ്ക്ക് ലഭിച്ചു. 2021-22 വർഷത്തെ റിപ്പോർട്ടിനാണ് അവാർഡ് ലഭിച്ചത്.

കേരളത്തിലെ വിവിധ രൂപതകളിലെ സോഷ്യൽ സർവീസ് സൊസൈറ്റികൾ സമർപ്പിച്ച റിപ്പോർട്ടുകളിൽ നിന്നാണ് വി.എസ്.എസ്.എസ്. ന്റെ വാർഷിക റിപ്പോർട്ട് തെരഞ്ഞെടുത്തത്. ആമോസ് സെന്ററിൽ വച്ച് കെ. സി.ബി.സി. സോഷ്യൽ ഫോറം ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കലിൽ നിന്നും വി.എസ്.എസ്.എസ്. ഡയറക്ടർ ഫാ. അഗസ്റ്റിൻ ബിനോയ് മേച്ചേരിൽ അവാർഡ് ഏറ്റുവാങ്ങി.



വിജയപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി, കോട്ടയം മെഡിക്കൽകോളേജ് നേത്രരോഗ വിഭാഗം, വെട്ടിമുകൾ ജനകീയ വികസന സമിതി എന്നിവയുടെ ആഭിമുഖ്യത്തിൽ നടത്തിയ സൗജന്യ നേത്രപരിശോധനക്യാമ്പ് ഏറ്റുമാനൂർ നഗരസഭാധ്യക്ഷ ലൗലി ജോർജ് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. അഗസ്റ്റിൻ മേച്ചേരിൽ, ഫാ. ലിനൂസ് ബിവേര, വികാരി ഫാ. ഔസേഫ് പുത്തൻപറമ്പിൽ സിസ്റ്റർ സൂസൻ, അന്നമ്മ ആന്റണി, ആലീസ് സെബാസ്റ്റ്യൻ എന്നിവർ പ്രസംഗിച്ചു. ഡോ. ശ്രീലക്ഷ്മിയുടെ നേതൃത്വത്തിലുള്ള 11 അംഗ മെഡിക്കൽ സംഘം 102 പേരെ പരിശോധനയ്ക്ക് വിധേയരാക്കി. 45 പേർക്ക് സൗജന്യ നിരക്കിൽ കണ്ണടകൾ വിതരണം ചെയ്തു.




## ജന്മദിനാശംസകൾ

## സെപ്റ്റംബർ

04 ഫാ. മാത്യു വട്ടമാക്കിൽ
09 ഫാ. ഫ്രാൻസീസ് കമ്പോളത്തുപറമ്പിൽ
11. ഫാ. വിൻസെന്റ് പാറമേൽ
16. ഫാ. ജസ്റ്റിൻ കാരംകുന്നേൽ, സി.എഫ്.ഐ.സി.
18. ഫാ. ആന്റണി രാജ് കന്നിശ്ശേരി
20. ഫാ. ഫിലിപ് തേവർകളത്തിൽ
29. ഫാ. ഹിലാരി തെക്കേക്കുറ്റ്
30. ഫാ. ഡെന്നീസ് കണ്ണമാലിൽ

# ആദരാഞ്ജലികൾ



**റവ.ഫാ. ജോസഫ്**
ചേരിയിൽ
മരണം: 4.08.2023



**റവ.ഫാ. ജോമോൻ**
വട്ടമാക്കിൽ
മരണം: 29.07.2023



**റവ.ഫാ.സി.എം. ജോൺ**
ചെട്ടിയാതറ
മരണം : 23-07-2023



**റവ.സി. വിറ്റ CSST**
മരണം : 21.07.2023

SEPTEMBER 2023
Vol. 16 • Issue 9
Published on
1th September 2023

**vijayapuradhuthu**
(MONTHLY)
Annual Subscription ₹ 100.00

Registered No. KL/KTM/117/2023-25
LIC. No. KL/CR/KTM/WPP-03/2023-25
Licensed to Post without prepayment
RNI Registration No. KERMAL/2008/24745

A PUBLICATION OF DIOCESE OF VIJAYAPURAM, KOTTAYAM-686001, KERALA

यूनियन बैंक ऑफ इंडिया
Union Bank of India
A Government of India Undertaking

**Kodimatha Branch**
Amson Building, Ground Floor
Building No. 857G, E, F, Ward No. XXIX
Kodimatha, Kottayam - 686013



# യൂണിയൻ ഗോൾഡ് ലോൺ

**KCC സ്വർണ്ണ വായ്പ 4%* പലിശ മാത്രം**

- ഗ്രാമിന് പരമാവധി **4722 രൂപ** വരെ
- 100 രൂപക്ക് പ്രതിമാസം 72 പൈസ മാത്രം പലിശ
- ബിസിനസ്സ് വ്യക്തിഗത ആവശ്യങ്ങൾക്ക് സ്വർണ്ണ പണയത്തിൻമേൽ മറ്റു ബാങ്കുകളെ അപേക്ഷിച്ച് ഏറ്റവും കുറഞ്ഞ പലിശ നിരക്ക്.
- പ്രോസസ്സിംഗ് പ്രീ പേയ്മെന്റ് ചാർജ്ജുകൾ ഇല്ല.
- ലളിതവും വേഗമേറിയതുമായ പ്രോസസ്സിംഗ്.
- സ്വർണ്ണ പണയത്തിൻമേൽ ഓവർ ഡ്രാഫ്റ്റ് സൗകര്യം ലഭ്യമാണ്.
- 1 കോടി രൂപ വരെ സ്വർണ്ണപണയ വായ്പ ലഭ്യമാണ്.
- എല്ലാ പ്രവൃത്തി ദിവസങ്ങളിലും 10.00 മണി മുതൽ 4.00 മണി വരെ വായ്പാ സൗകര്യം.
- വായ്പാതുക അടച്ചു തീർത്ത ഉടൻ തന്നെ സ്വർണ്ണം തിരികെ ലഭിക്കുന്നു.

*Terms & Conditions apply

കൂടുതൽ വിവരങ്ങൾക്ക് :
**0481-2581213, 8369774730, 7012204575**



Printed & Published by Fr. Francis Nedumparambil, on behalf of Diocese of Vijayapuram, P.B. No. 82, Kottayam-686001. Published at Vijayapuram Bishop's House, Kottayam-686001, Kerala, India. Printed for Archana Offset Printers, Ktm, at **Good Shepherd Press**, Kottayam, Kerala. # 0481-2569180